ഡോ. എം. പി. പരമേശ്വരൻ

നാളെയുടെ വാഗ്ദാനം



നാളെയുടെ വാഗ്ദാനം

ഡോ: എം പി പരമേശ്വരൻ

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

Malayalam
Naleyude Vagdanam
Dr M P Parameswaran
First Published September 1983
Published and distributed by
Kerala Sastra Sahitya Parishad
Trivandrum-695001
Printed at Seetharam press, Trivandrum
Cover: Vijayan Neyyattinkara
Illustrations: Jayachandran V.
Kerala Sastra Sahitya Parishad-1983
Price: Rs. 2 50
Rs 3 00

KSSP· 247/83 D/8 1/5000 B P1

നാളെയുടെ വാഗ്ദാനം

മനുഷ്യത്വത്തിന്റെ പൂർണതയിലേക്ക്

ജോണിയും അച്ചുവും ഒരേസ്കൂളിൽ, ഒരേക്ലാസ്സിൽ പഠിക്കുന്നവരാണ്. ഒന്നാംക്ലാസ്സിൽ അവർ ഒരുമിച്ചുചേർന്നു. അടുത്തടുത്ത വീട്ടുകാർ. ഇന്ന് രണ്ടുപേരും ആറാംക്ലാസ്സിലാണ്. കാലത്ത് എട്ടരമണിക്ക് അവർ വീട്ടിൽനിന്നിറങ്ങും. സ്കൂളിലേക്ക് അരമണിക്കൂർ വഴിയേഉള്ളു. പക്ഷെ, നേരത്തെ എത്തണമെന്ന് അവർക്ക് നിർബന്ധമാണ്. വഴിനിറയെ കുട്ടികളുടെ ഒരൊഴുക്കുതന്നെ. സമപ്രായക്കാരും മുതിർന്നവരും ഇളയവരുമായ കുട്ടികൾ. കേരളത്തിലെ വിവിധഗ്രാമങ്ങളിലും നഗരങ്ങളിലുമായി ഏതാണ്ട് അമ്പത്ലക്ഷം കുട്ടികളാണ് ഈ സമയത്ത് തെരുവുകൾ നിറച്ചുകൊണ്ട് സ്കൂളുകളിലേക്ക് ഒഴുകുന്നത്. കോളേജിൽ പോകുന്നവരും ട്യൂട്ടോറിയലുകളിൽ പോകുന്നവരും പാരലൽ കോളേജുകളിൽ പോകുന്നവരുമായവരുടെ എണ്ണംകൂടി എടുക്കുകയാണെങ്കിൽ 60–70 ലക്ഷംവരും. അതെ, കേരളത്തിലെ മൊത്തം ജനസംഖ്യയുടെ ഏതാണ്ട് നാലിലൊന്നുപേർ ആ സമയത്ത് തെരുവുകളിലാണ്. വിദ്യാലയങ്ങളിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നവരാണ്.

നാളത്തെലോകം ഇവരുടേതാണ്, കുട്ടികളെ, നിങ്ങളു



പ്രവാഹം

ടേതാണ്. ജോണിയുടെയും അച്ചുവിൻെറയും അവരുടെ കൂട്ടുകാരുടെയും ആണ്. നിങ്ങൾ പഠിച്ചു വലുതായിവരുമ്പോൾ എന്തുതരത്തിലുള്ള ലോകമാവും നിങ്ങൾ കാണുക? എന്തുതരത്തിലുള്ള ജോലികളാകും നിങ്ങൾ ചെയ്യുക? എന്തുതരത്തിലുള്ള ഗവേഷണങ്ങളാകും നിങ്ങൾ നടത്തുക? എന്തുതരത്തിലുള്ള പ്രശ്നങ്ങളാകും നിങ്ങളെ നേരിടുക?

പണ്ടുകാലത്ത്, നമ്മുടെ മുതുമുതുമുത്തച്ഛൻമാരുടെ കാലത്ത് ലോകം ഇന്നത്തെപ്പോലെയായിരുന്നില്ല. അവരുടെ ജീവിതവും ഇന്നത്തെപ്പോലെ ആയിരുന്നില്ല. ഏറെ വിഷമങ്ങൾ ഉള്ളതായിരുന്നു അവരുടെ ജീവിതം. കൃഷി ചെയ്യാനുംകൂടി അറിഞ്ഞുകൂടാത്ത ഒരു കാലമുണ്ടായിരുന്നല്ലൊ. അന്ന് അരച്ചാൺ വയറിനുവേണ്ടി എത്ര പാടുപെട്ടിരിക്കണം.കൃഷി കണ്ടുപിടിച്ചിട്ടും സംഗതികൾ മെച്ചപ്പെട്ടില്ല. പേമാരിയും വെള്ളപ്പൊക്കവും കാട്ടുതീയും ഭൂകമ്പവുംഒക്കെ അവരെ ഭയപ്പെടുത്തി.പ്ളേഗ്,വസൂരി തുടങ്ങിയ മഹാമാരികൾ മനുഷ്യരെ കൂട്ടത്തോടെ കൊന്നൊടുക്കി. ഭക്ഷ്യോൽപാദനത്തിനും ഗൃഹനിർമാണത്തിനും—എല്ലാററിനും കഠിനമായ ദേഹാധ്വാനംതന്നെ നടത്തേണ്ടിവന്നു....

അന്നത്തെ അവസ്ഥയെവിടെ? ഇന്നത്തെ അവസ്ഥയെവിടെ? ഊഹിക്കാൻപോലും പററാത്ത മാററങ്ങളാണ് വന്നിട്ടുള്ളത്. പണ്ടില്ലായിരുന്ന എത്രയെത്ര ആയിരം സാധനങ്ങളാണ് ഇന്ന് നമുക്കുള്ളത്.


ജലസേചനം, അതിനായി അണക്കെട്ടുകളും മററും, രാസവളങ്ങൾ, കീടനാശിനികൾ, അത്യുൽപാദനശേഷിയുള്ള വിത്തുകൾ—ലോകത്തിൽ ഇന്ന് ഒരു മനുഷ്യനും പട്ടിണികിടക്കേണ്ട ആവശ്യമില്ല. എല്ലാവർക്കും വേണ്ടത്ര ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കാൻ മനുഷ്യനുകഴിയും. എന്നിട്ടും ലോകത്തിലെ പകുതിയോളം മനുഷ്യർക്ക് പട്ടിണികിടക്കേണ്ടിവരുന്നുണ്ട്. അതിനുകാരണം മത്സരാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയാണ്. കുറച്ചുപേരുടെ ലാഭത്തിനുവേണ്ടി, അവർക്ക് കോടീശ്വരൻമാരാകാൻവേണ്ടി, ബാക്കിയുള്ളവരെ എന്തും ചെയ്യാം എന്ന് സമ്മതിച്ചുകൊടുക്കുന്നതാണ്.

ഇന്ന് ലോകത്തുള്ള നാനൂറിൽപരം കോടി ജനങ്ങൾക്കും ഇനി ജനിക്കാൻ പോകുന്നവർക്കും ആവശ്യമായ വസ്ത്രം നൽകാൻവേണ്ട സാങ്കേതികമായഅറിവും കഴിവും, പരുത്തി, റയോൺ, നൈലോൺ, ടെർലിൻ, കമ്പിളി...തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളും നമുക്കുണ്ട്. എന്നിട്ടും കോടിക്കണക്കിന് മനുഷ്യർക്ക് നഗ്നതമറയ്ക്കാൻ വേണ്ട വസ്ത്രം പോലും കിട്ടുന്നില്ല. അതിനും കാരണം മത്സരാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയാണ്. കുറച്ചുപേരുടെ ലാഭത്തിനുവേണ്ടി, അവർക്ക് കോടീശ്വരൻമാരാകാൻവേണ്ടി, ബാക്കിയുള്ളവരെ എന്തുംചെയ്യാം എന്ന് സമ്മതിച്ചുകൊടുക്കുന്നതാണ്.




ഭക്ഷണവും വസ്ത്രവും കഴിഞ്ഞാൽ മനുഷ്യന് ഏററവും ആവശ്യമുള്ളതാണ് പാർപ്പിടം. എത്രയോ തരം പാർപ്പിടങ്ങൾ നമുക്കുചുററും കാണുന്നു. ചെററക്കുടിലുകൾ മുതൽ മണിമാളികകൾ വരെ. ലോകത്തെല്ലാവർക്കും മണിമാളികപണിയാൻ വേണ്ട സാധനങ്ങൾ ഈ ഭൂമിയിൽ ഇല്ല. അതിൻെറ ആവശ്യവുമില്ല. പ്രകൃതിയുടെ വികൃതികളിൽ നി







വസ്ത്രങ്ങൾ സഹസ്രാബ്ദങ്ങളിലൂടെ









പാർപ്പിടങ്ങൾ

ന്നുള്ള സംരക്ഷണം, സ്വൈരജീവിതം എന്നിവക്ക് വേണ്ട തരത്തിലുള്ള പാർപ്പിടസൗകര്യങ്ങൾ എല്ലാവർക്കും ഉണ്ടാക്കാൻ പററും. അതിനുവേണ്ട സാധനങ്ങളും അറിവും നമുക്കുണ്ട്. പക്ഷെ, ഉള്ള സാധനങ്ങൾ മുഴുവൻ കുറച്ചുപേരെടുത്ത് മണിമാളികകൾ നിർമിക്കുകയാണെങ്കിൽ ബാക്കിയുള്ളവർ മനുഷ്യർക്ക് താമസിക്കാൻ കൊള്ളാത്ത ചാളകളിലോ തെരുവുതിണ്ണകളിലോ ജീവിക്കേണ്ടിവരും. കുറച്ചുപേർക്ക് തോന്നിയപോലെ പണമുണ്ടാക്കാനും ഉണ്ടാക്കിയ പണം തോന്നിയപോലെ ഉപയോഗിക്കാനും അനുവദിച്ചുകൊടുക്കുന്ന മത്സരാധിഷ്ഠിത സാമൂഹ്യവ്യവസ്ഥയാണിതിനു കാരണം.

ഇന്ന് മനുഷ്യന് ഭക്ഷണം ,വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമികആവശ്യങ്ങൾ കൊണ്ടുമാത്രം തൃപ്തിയാവില്ല. അവ നേടുന്നതിനും സംസ്കാരസമ്പന്നമായ ജീവിതം നയിക്കുന്നതിനും വിദ്യാഭ്യാസം ലഭിക്കണം, ആരോഗ്യം സംരക്ഷിക്കണം. വിശ്രമത്തിനും വിനോദത്തിനും സൗകര്യമുണ്ടാക്കണം. കുറെപേർക്ക് ഇന്ന് ഇതിനെല്ലാം സൗകര്യമുണ്ട്. ഇന്ത്യയിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കൂടുതൽ സൗകര്യങ്ങളുണ്ട്. എന്നാൽ ലോകമാകെ എടുത്താൽ കോടിക്കണക്കിന് ആളുകൾക്ക് വിദ്യാഭ്യാസമില്ലാതെയും ആരോഗ്യസേവനം കിട്ടാതെയും കഴിയേണ്ടിവരുന്നു. വിശ്രമമെന്തെന്ന് അവർക്കറിയില്ല. ഏററവും പ്രാകൃതങ്ങളായ വിനോദങ്ങളേ അവർക്കറിയൂ. അഭ്യസ്തവിദ്യരും അരോഗദൃഢഗാത്രരും ആയ ഒരു സമൂഹത്തിലേ മനുഷ്യന്റെ എല്ലാ കഴിവുകളും വികസിപ്പിക്കാനാകൂ. അതിന് സന്ദർഭം ലഭിക്കാത്തവരാണ് ലോകത്തിൽ പകുതിയും.

എന്താണ് മനുഷ്യന്റെ കഴിവുകൾ? വാസ്തവത്തിൽ അതിന് ഒരു പരിധികൽപിക്കാൻ പററില്ല. കാരണം, അത് തുടർച്ചയായി വളർന്നുവരികയാണ്. ഇര തേടുന്നതിലും ഇണ കൂടുന്നതിലും മനുഷ്യനു ലഭിക്കുന്ന ആനന്ദം മററെല്ലാ ജന്തുക്കൾക്കും കിട്ടുന്നതുപോലെതന്നെയാണ്. എന്നാൽ ഇത് നമ്മുടെ ആനന്ദത്തിന്റെ ചെറിയൊരു ശതമാനമേ

ആകുന്നുള്ളു. നമുക്ക് സന്തോഷം ലഭിക്കുന്ന എത്രയെത്ര സന്ദർഭങ്ങൾ ഉണ്ട്. ചുററുമുള്ള പ്രകൃതിയെപ്പററി, അതിൻെറനൂറായിരം സവിശേഷതകളെപ്പററി, നമുക്കുള്ള അറിവ് സദാ വർധിച്ചുവരികയാണ്. മാത്രമല്ല, മനുഷ്യസമൂഹങ്ങളെപ്പററിയും അതിൻെറ പെരുമാററങ്ങളെപ്പററിയുമുള്ള അറിവും. നമുക്ക് നമ്മെപ്പററി, നമ്മുടെ ശാരീരികവും മാനസികവുമായ വ്യാപാരങ്ങളെപ്പററി ഉള്ള അറിവും വർധിച്ചുവരികയാണ്, അറിവിലുള്ള ഈ മുന്നേററം നമുക്ക് സന്തോഷം തരുന്നതാണ്.

ശിലായുഗമനുഷ്യർക്ക് പല കാര്യങ്ങളും അറിഞ്ഞുകൂടായിരുന്നു. അറിഞ്ഞുകൂട എന്നുപോലും അറിഞ്ഞുകൂടായിരുന്നു. അവരുടെ ദൈനംദിനാനുഭവങ്ങൾ വളരെ പരിമിതങ്ങളായിരുന്നു. അതിനാൽ അവർക്ക് ചോദിക്കാൻ പററുന്ന ചോദ്യങ്ങളും കുറവായിരുന്നു. എങ്കിലും പരിമിതപ്പെട്ട ആ ചോദ്യങ്ങളുടെ ഉത്തരങ്ങൾക്കുള്ള അന്വേഷണം അവർക്ക് പല പുതിയ അനുഭവങ്ങളും നേടിക്കൊടുത്തു. ഈ അനുഭവങ്ങളാകട്ടെ പുതിയ പുതിയ ചോദ്യങ്ങൾക്ക് അടിത്തറ ആയിത്തീർന്നു. മനുഷ്യർ ഏററവും ആദ്യംകണ്ട കാര്യങ്ങളിലൊന്നാണ് മാറിമാറിവരുന്ന രാത്രിയും പകലും. ആകാശത്തുകൂടെ നീങ്ങുന്ന സൂര്യൻ. രാത്രി പ്രത്യക്ഷപ്പെടുന്ന നക്ഷത്രങ്ങൾ. കൂടാതെ ചന്ദ്രനും അതിൻെറ വൃദ്ധിക്ഷയങ്ങളും. എന്താണവ? എവിടെയാണവ? എങ്ങനെയാണവ ചലിക്കുന്നത് ? ഏററവും പ്രാകൃതരായ മനുഷ്യരുടെ മനസ്സിൽപോലും ഈ ചോദ്യം ഉദിക്കുമല്ലൊ. ഇന്ന് നാം താഴത്തെക്ളാസ്സുകളിൽത്തന്നെ പഠിക്കുന്നു: സൂര്യൻ കത്തിയെരിയുന്ന ഒരു ഗോളമാണ്, ഭൂമി അതിന്ചുററും സഞ്ചരിക്കുകയും സ്വന്തം അച്ചുതണ്ടിൽ തിരിയുകയും ചെയ്യുന്നു. ഭൂമിയുടെ ആകൃതിയും ഗോളാകാരമാണ്. നക്ഷത്രങ്ങൾ അതിദൂരെയുള്ള സൂര്യൻമാരാണ്....അങ്ങനെ പലതും. ഇതൊന്നും പണ്ടുള്ളവർക്ക് അറിയാമായിരുന്നില്ല.

അതുപോലെ ജനനം, വളർച്ച, മരണം തുടങ്ങിയവയും മനുഷ്യരുടെയും മററു ജന്തുക്കളുടെയും കാര്യത്തിൽ


നിത്യാനുഭവങ്ങളാണ്. ജീവനുള്ളവയും ജീവനില്ലാത്തവയുംതമ്മിൽ പ്രകടമായ വ്യത്യാസവും കാണുന്നു. ജീവൻവരെ അദ്ഭുതകരമായ ഒരു പ്രതിഭാസമായിത്തന്നെ അനുഭവപ്പെടുന്നു എന്താണത്? വളരെ നീണ്ടതും അത്യാവേശകരവും ആയ ഒന്നാണ് എന്താണ് ജീവൻ എന്ന അന്വേഷണത്തിൻെറ കഥ.

കല്ലുകൊണ്ട് ഉളിയുണ്ടാക്കുന്നു; കല്ലിൽ പലതരം മണൽത്തരികരം കാണുന്നു. ചില പദാർഥങ്ങരം ദ്രവമായിരിക്കുന്നു; ചിലവ വാതകമായിരിക്കുന്നു. തീ, വെളിച്ചം;.... എന്തുകൊണ്ടാണ് ഇതെല്ലാം ഉണ്ടാക്കിയത്? ഭൂമി, വെള്ളം, വായു, തേജസ്സ്, ആകാശം എന്നിങ്ങനെ അഞ്ച് മൂലകങ്ങളെക്കൊണ്ടാണ് പ്രപഞ്ചത്തിലുള്ള എല്ലാം ഉണ്ടാക്കിയത് എന്ന് നമ്മുടെ പ്രപിതാമഹൻമാർ വിശ്വസിച്ചു. ഇവയുടെയെല്ലാം ഏററവും ചെറിയ കണങ്ങളെ അവർ പരമാണുക്കരം എന്നുവിളിച്ചു. എന്നാൽ അവരുടെ അന്നത്തെ അറിവ് വളരെ അപൂർണമായിരുന്നു. സാധനങ്ങളുടെ നിർമാണവസ്തുക്കളെയും അവയുടെ ഗുണധർമങ്ങളെയും പററിയുള്ള അന്വേഷണം അതിരസാവഹമായിരുന്നു.

ബഹിരാകാശഗവേഷണം, ജീവൻെറ അടിസ്ഥാനങ്ങളെപ്പററി, ജീവൻെറ തൻമാത്രകളെപ്പററിയുള്ള ഗവേഷണം, പരമാണുക്കളെയും അതിൻെറ ഉള്ളിലെ കണങ്ങളെയും പററിയുള്ള ഗവേഷണം ഇന്ന് ശാസ്ത്രത്തിൻെറ ചക്രവാളങ്ങളാണവ. ലോകത്തെമ്പാടുമുള്ള വലിയ വലിയ ഗവേഷണശാലകളിൽ ആയിരക്കണക്കിന് ശാസ്ത്രജ്ഞർ ഏറെ വിലപിടിച്ച ഉപകരണങ്ങരം ഉപയോഗിച്ച് ഈ മേഖലകളിൽ ഗവേഷണം നടത്തുന്നു. പത്തും അമ്പതുംകൊല്ലം മുമ്പെ, ശാസ്ത്രജ്ഞർ നടത്തിയ ഗവേഷണഫലങ്ങളാണ് നിങ്ങരം ഇന്ന് പാഠപുസ്തകങ്ങളിൽ പഠിക്കുന്നത്. പണ്ടുകാലത്ത് മനുഷ്യരെ വലച്ചിരുന്ന പല ചോദ്യങ്ങരംക്കും ഉത്തരം കിട്ടിയിട്ടുണ്ട്, പല പ്രശ്നങ്ങരംക്കും പരിഹാരം കണ്ടിട്ടുണ്ട്. പണ്ടുകാലത്ത് മനുഷ്യരെ ഈയാംപാററകണക്കെ കൊന്നൊടുക്കിയിരുന്ന രോഗങ്ങളിൽനിന്ന്, മസൂരി,

പ്ളേഗ്, കോളറ, മലമ്പനി, ക്ഷയം തുടങ്ങിയ രോഗങ്ങ ളിൽനിന്ന്, വികസിതരാജ്യങ്ങൾ പൂർണമായ മോചനം നേടിക്കഴിഞ്ഞിരിക്കുന്നു. അവിടങ്ങളിൽ ഇന്ന് ഇത്തരം രോ ഗങ്ങൾ കാണാനേപററില്ല. 'അവികസിതരാജ്യങ്ങളിൽനിന്നും ഈ രോഗങ്ങൾ ഇല്ലാതാക്കാൻപററും. ശാസ്ത്രീയമായ അ റിവില്ലായ്മയല്ല അതിന് തടസ്സമായി നിൽക്കുന്നത്. അതത്‌രാജ്യങ്ങളിലെ സാമൂഹ്യവ്യവസ്ഥയാണ് മുഖ്യ തടസ്സം.

ഏതാണ്ട് പതിനായിരംകൊല്ലം മുമ്പാണ് മനുഷ്യരു ടെ ജീവിതത്തിൽ അതിമഹത്തായൊരു വിപ്ളവം നടന്നത്. കൃഷിയുടെ കണ്ടുപിടിത്തമായിരുന്നു അത്. അതിനുമു മ്പ് നേടിയ ഒരു കഴിവാണ് തീയിനെ മെരുക്കുക എന്നത്. ഏതാണ്ട് 5000–6000 കൊല്ലംമുമ്പ്, ചെമ്പും വെങ്കലവും



കൊണ്ടുള്ള ആയുധങ്ങൾ നിർമിക്കാൻ പഠിച്ചതോടെ മനു ഷ്യസംസ്കാരത്തിൽ പുതിയൊരു മുന്നേററമുണ്ടായി. നൈൽ, യൂഫ്രട്ടീസ്–ടൈഗ്രീസ്, സിന്ധു, മഞ്ഞനദി, എന്നീ തടങ്ങളിൽ ഉയർന്നുവന്ന നദീതടസംസ്കാരങ്ങൾ ഈ മുന്നേററത്തെയാണ് കുറിക്കുന്നത്. പക്ഷെ, അന്നും പ്രകൃതിയെയും അതിൻെറ നിയമങ്ങളെയും കുറിച്ചുള്ള അറിവ് തുലോം തുച്ഛമായിരുന്നു. ഏതാണ്ട് രണ്ടായി

രത്തഞ്ഞൂറുകൊല്ലം മുമ്പ്, ഇരുമ്പുകൊണ്ടുള്ള ആയുധം പ്രചാരത്തിൽ വന്നതോടെ വീണ്ടും മാനവജീവിതത്തിൽ വലിയൊരു മുന്നേററമുണ്ടായി. ഗ്രീക്—റോമാസംസ്കാരങ്ങളും ഇന്ത്യയിലെ നാളന്ദ—തക്ഷശില....മുതലായവ ഇതിൻെറ ദൃഷ്ടാന്തങ്ങളാണ്. എന്നാൽ അക്കാലത്തെ പണ്ഡിതൻമാർ എഴുതിയ പലതും ഇന്നു നാം വായിക്കുമ്പോൾ ചിരിച്ചുപോകും. അത്ര അബദ്ധമയമാണ്. 300–400 കൊല്ലംമുമ്പെ യൂറോപ്പിൽ ഒരു ശാസ്ത്രവിപ്ളവം നടന്നു. കോപ്പർനിക്കസ്, കെപ്ളർ, ഗലീലിയൊ, ന്യൂട്ടൺ.... ആ വിപ്ളവത്തിലെ നേതാക്കൾ നമുക്ക് പാഠപുസ്തകങ്ങളിലൂടെ പരിചിതരാണ്. നൂറ് ഇരുനൂറുകൊല്ലംമുമ്പെ യൂറോപ്പിൽത്തന്നെ പിന്നെയും ഒരു വിപ്ലവം നടന്നു. വ്യാവസായികവിപ്ളവം. നീരാവി എൻജിൻെറയും സ്പിന്നിങ് ജെന്നിയുടെയും തീവണ്ടിയുടെയും ആന്തരദഹന എൻജിൻെറയും ജലടർബൈനിൻെറയും നീരാവി ടർബൈനിൻെറയും ഒക്കെ കണ്ടുപിടിത്തം നമ്മുടെ ജീവിതഗതിയെയും ജീവിതശൈലിയെയും ആകെ മാററിമറിച്ചു. എന്നാൽ ഈ വിപ്ളവങ്ങളെയെല്ലാം അസ്തപ്രഭങ്ങളാക്കുമാറ് ഒരു വിപ്ലവം നടന്നുകൊണ്ടിരിക്കയാണ്. മഹത്തായ പ്രപഞ്ചരഹസ്യങ്ങൾ അനാവരണം ചെയ്തുകൊണ്ടിരിക്കുന്ന സമയമാണ് ഇത്.

ആകാശത്തിൻെറ അപാരതയിലേക്ക് ഉയർന്ന മനുഷ്യൻ പ്രപഞ്ചത്തിൻെറ പ്രകൃതത്തെയും അതിൻെറ ഉൽപത്തിയെയും പെരുമാററവിശേഷങ്ങളെയും അതിലെ അദ്ഭുതങ്ങളായ ക്വാസാറുകൾ, പൾസാറുകൾ മുതലായവയെയും ഒക്കെ കുറിച്ചുള്ള രഹസ്യങ്ങൾമനസ്സിലാക്കിക്കൊണ്ടിരിക്കയാണ്.

അനന്തസൂക്ഷ്മമായ അണുവിൻെറ അഗാധതയിലേക്ക് ആഴത്തിലൂളിയിട്ട്, മറിമായം കാണിക്കുന്ന മൗലികകണങ്ങളുടെ പെരുമാററരഹസ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടിരിക്കയാണ് ഇന്ന് നാം.

ജീവൻെറ കടതേടി, പൊരുൾതേടി ചെന്ന നാം കോശ

ങ്ങളിൽനിന്ന് പ്രോട്ടീനുകളിലേക്കും എൻസൈമുകളിലേക്കും അവയിൽനിന്ന് ഡി എൻ എ, ആർ എൻ എ എന്നുതുടങ്ങിയ തൻമാത്രകളിലേക്കും അമിനോ അമ്ളങ്ങളിലേക്കും ഹോർമോണുകളിലേക്കും ഒക്കെ എത്തിയിരിക്കയാണ്. ജീവൻെറ മൗലികകണങ്ങൾ ഇന്ന് പരീക്ഷണശാലയിൽ ഉണ്ടാക്കാൻ സാധിക്കും. ഏററവും ലളിതമായ ചില ജീവരൂപങ്ങളെയും ഈ നൂററാണ്ട് അവസാനമാകുമ്പോഴേക്ക് ഉണ്ടാക്കാൻ സാധിക്കുമെന്നുകരുതുന്നു. വരുന്ന ഇരുപത്–മുപ്പത് കൊല്ലത്തിനുള്ളിൽ ഇതുമാത്രമല്ല, മററൊട്ടേറെ മഹത്തായ കണ്ടുപിടിത്തങ്ങൾ നടക്കുമെന്നാണ് പ്രതീക്ഷ.

പ്രകൃതിനിയമങ്ങളെക്കുറിച്ച് അജ്ഞാതനായിരുന്ന പ്രാകൃതമനുഷ്യൻ പ്രകൃതിശക്തികൾക്കടിമയായിരുന്നു. ആ ശക്തികളെ ദേവകളായി കണക്കാക്കി അവർ ആരാധിച്ചു. പ്രകൃതിനിയമങ്ങൾ മനസ്സിലാക്കുമ്പോൾ ഈ അടിമത്തത്തിൽനിന്ന് അവൻ സ്വതന്ത്രനായിത്തീരുന്നു. നാം സ്വാതന്ത്ര്യത്തിൻെറ പടിവാതിൽക്കലെത്തിക്കൊണ്ടിരിക്കുകയാണ്. വഴിയിൽ തടസ്സങ്ങളുണ്ട്. ആ തടസ്സങ്ങൾ മറികടക്കാൻ നമുക്ക് കഴിയണം. കഴിഞ്ഞില്ലെങ്കിൽ നമുക്ക് നഷ്ടപ്പെടാൻ പോകുന്നതെന്തെന്നു മനസ്സിലാക്കിയാലേ അതിനുവേണ്ടി സർവശക്തികളും നാം ഉപയോഗിക്കൂ. എന്താണ് നാളെയുടെ വാഗ്ദാനങ്ങൾ?


മിനിഞ്ഞാന്നത്തെയും ഇന്നലത്തെയും ഇന്നത്തെയും അനുഭവങ്ങളിൽനിന്നാണ് നാളെ എന്തായിരിക്കുമെന്ന് നാം കാണാൻ ശ്രമിക്കുന്നത്. ഇങ്ങനെ കാണാൻ ശ്രമിക്കുന്നതിന് ഒരു പുതിയ പേരുതന്നെ–ഭാവിശാസ്ത്രം (ഫ്യൂച്ചറോളജി) ഉണ്ടായിട്ടുണ്ട്. ഏതെല്ലാം രംഗത്തെ കണ്ടുപിടുത്തങ്ങളും മുന്നേററങ്ങളുമാണ് ഉടനടി നാമോരോരുത്തരുടെയും ജീവിതത്തെ ബാധിക്കാൻ പോകുന്നത് എന്ന് പറയുകവയ്യ. സൗകര്യത്തിനായി ചില രംഗങ്ങൾ മാത്രം പരിശോധിക്കാം.

ഏത് രംഗമെടുത്താലും അതിൽ അതിപ്രധാനമായ ഒരു സ്ഥാനമാണ് ഊർജത്തിനുള്ളത്. മനുഷ്യയന്ത്രത്തിന്

ഭക്ഷണരൂപത്തിൽ ഊർജംവേണം. ആ ഭക്ഷണം പാകംചെയ്യാൻ വിറക്, കരി, മണ്ണെണ്ണ, ഗ്യാസ്, വൈദ്യുതി ഏതെങ്കിലും രൂപത്തിൽ ഊർജംവേണം. ബസ്സും കാറും ഓടിക്കാൻ എണ്ണവേണം. ഫാക്ടറിയിൽ യന്ത്രങ്ങൾ ഓടിക്കാനും പല സാധനങ്ങൾ ഉണ്ടാക്കാനും വൈദ്യുതി വേണം. വൈദ്യുതി വേണ്ടത്ര കിട്ടാഞ്ഞാലത്തെ ബുദ്ധിമുട്ട് നമുക്കറിയാം. കൽക്കരി, എണ്ണ, പ്രകൃതിവാതകങ്ങൾ, എന്നിവയായിരുന്നു അടുത്തകാലംവരെ നമുക്ക് ഊർജം നൽകിയിരുന്നത്. കൂട്ടത്തിൽ ജലവൈദ്യുതിയും. ഇന്ന് അണുവിൻെറ പിളർച്ചയിൽനിന്നുംകൂടി ഊർജം ലഭിക്കുന്നുണ്ട്. കൂടുതൽ സാധനങ്ങളുണ്ടാക്കാൻ കൂടുതൽ ഊർജംവേണം. ലോകത്തിൽ ശരാശരി ഒരു മനുഷ്യൻ ഒരു കൊല്ലം എത്ര ഊർജം ഉപയോഗിക്കുന്നുവോ അതിൻെറ ഏതാണ്ട് പത്തുമടങ്ങാണ് അമേരിക്കയിൽ ഒരു മനുഷ്യൻ ഉപയോഗിക്കുന്നത്. ഇന്ത്യയിലെയോ ആഫ്രിക്കയിലെയോ ഒരാളാകട്ടെ അതിൻെറ പത്തിലൊന്നും. ലോകത്തുള്ള കൽക്കരിയും എണ്ണയും ഏറെ താമസിയാതെ തീരും. അണുവിൻെറ പിളർച്ചയുടെ ഫലമായി മാരകങ്ങളായ വസ്തുക്കൾ ഉണ്ടാകുന്നതുകൊണ്ട് അത് വേണ്ടന്നും വെക്കും. പിന്നെ ഭാവിയിൽ വേണ്ട ഊർജം എവിടെനിന്ന് കിട്ടും? 'സൂര്യനിൽനിന്ന്' എന്നാണ് മിക്ക ശാസ്ത്രജ്ഞൻമാരും കരുതുന്നത്. എന്നാൽ ഇന്ന് അത്ര ലാഭകരമല്ല, പ്രായോഗികമാണെങ്കിലും. അതുപോലെ അണുവിൻെറ സംയോജനം കൊണ്ടും—ഹൈഡ്രജൻ ബോംബിൻെറ തത്വം അതാണ്—ഊർജം ഉണ്ടാക്കാം. അതും ഇന്ന് ഗവേഷണശാലയിൽ മാത്രമേ ആയിട്ടുള്ളു. എന്നാൽ നാളത്തെ—എന്നുപറഞ്ഞാൽ അടുത്ത നൂററാണ്ടിലെ—ഊർജ ഉറവിടങ്ങൾ ഇതുരണ്ടുമായിരിക്കും. അത് സാക്ഷാത്കരിക്കണമെങ്കിലൊ ഇന്ന്–ഈ നൂററാണ്ടിൽ–വിപുലമായ ഗവേഷണവികസന പ്രവർത്തനങ്ങൾ നടത്തേണ്ടിയിരിക്കുന്നു. അത് ചെയ്യേണ്ടത് ഇപ്പോഴത്തെ കുട്ടികൾ ആണ്, നിങ്ങളാണ്. ഇന്നുപയോഗിക്കുന്നതിലും കുറച്ച് ഊർജം ഉപയോഗിച്ച് ഇന്നുള്ളതിനെക്കാൾ കൂടുതൽ സാധനങ്ങളും സൗകര്യങ്ങളും ഉണ്ടാക്കാൻ പററുമോ


എന്നതും അതിപ്രധാനമായ ഒരു ഗവേഷണരംഗമാണ്.

സാധനങ്ങളെപ്പററി നാം പറഞ്ഞു. ഇന്ന് നാം കാലത്തെഴുന്നേററ് രാത്രി ഉറങ്ങാൻപോകുന്നതിനുമുമ്പ് കണ്ടതും തൊട്ടതും കഴിച്ചതും ധരിച്ചതും കളഞ്ഞതും ഒക്കെ ആയ എത്രയെത്ര സാധനങ്ങളുണ്ട്! അവയുടെ ഒരു ലിസ്ററുണ്ടാക്കാൻ ശ്രമിച്ചുനോക്കൂ. വളരെ രസാവഹമായ ഒരു പരീക്ഷണമായിരിക്കും അത്. അവസാനിക്കാത്ത ഒരു ലിസ്ററ്—നീണ്ടുനീണ്ടുപോകുന്ന ഒരു ലിസ്ററ്. നിങ്ങളുടെ അച്ഛൻെറയും മുത്തച്ഛൻെറയും കുട്ടിക്കാലത്ത്




ഇല്ലാതിരുന്ന എത്രയോ സാധനങ്ങൾ നിങ്ങൾ നിത്യേന ഉപയോഗിക്കുന്നു. പ്ളാസ്ററിക്ക് സാമാനങ്ങൾ, ബേക്ക്ലൈററ്, അലുമിനിയം, സ്ററീൽ, ഫൈബർഗ്ളാസ്, റയോൺ, നൈലോൺ, ടെർലിൻ, എന്തെല്ലാം തരത്തിലുള്ള പദാർഥങ്ങൾ! ഉറപ്പുള്ളത്,പൊട്ടാത്തത്,കത്താത്തത്,രാസവസ്തുക്കൾ തട്ടിയാൽ കേടുപററാത്തത്, എളുപ്പത്തിൽ ഏതുരൂപത്തിലും പരുവപ്പെടുത്താനാവുന്നത്, ഭാരം കുറഞ്ഞത്....ഇനിയും എത്രയെത്രതരം സാധനങ്ങൾ ഉണ്ടാകും. ഇവയെല്ലാംകൊണ്ടുണ്ടാക്കുന്ന സാധനങ്ങളുടെയും എണ്ണം എന്തെന്നില്ലാതെ വർധിക്കുന്നതാണ്. നാളത്തെ ലോകം സാധനങ്ങളുടേതും സുഭിക്ഷതയുടേതും ആയിരിക്കും. ആയിരിക്കണം. അതുമാത്രമാകില്ലതാനും.

ഇന്ന് എല്ലാവർക്കും യാത്രചെയ്യണം. സാധാരണയായി സ്കൂളിലേക്ക് നടന്നുപോകുന്നു. എന്നാൽ ചിലരെങ്കിലും ബസ്സിൽപോകുന്നു. കാറുള്ളവീട്ടിലെ കുട്ടികൾ









കാറിൽ പോകുന്നു. പണക്കാരും ഉദ്യോഗസ്ഥൻമാരും വിമാനങ്ങളിൽ പറക്കുന്നു. ഒരുമണിക്കൂറിൽ ആയിരത്തോളം കിലോമീററർ വേഗത്തിൽ. തീവണ്ടിയിൽ നാം മണിക്കൂറിൽ ശരാശരി 60–70 കിലോമീററർ വേഗത്തിൽ പോകുന്നു. പണ്ട് കാളവണ്ടിയിലായിരുന്നു യാത്ര–മണിക്കൂറിൽ 6–7 കിലോമീററർ. ഇന്ന് മണിക്കൂറിൽ രണ്ടായിരത്തിലധികം കിലോമീററർ വേഗത്തിൽ സഞ്ചരിക്കുന്ന വിമാനങ്ങളുണ്ട്; മുന്നൂറു കിലോമീററർ വേഗത്തിൽ സഞ്ചരിക്കുന്ന കാറും ട്രെയിനുമൊക്കെയുണ്ട്. അടുത്ത നൂററാണ്ടാകുമ്പോഴേക്കും ഇവയൊക്കെ സർവസാധാരണമായിത്തീരും. ഒരുപക്ഷെ, ഇലക്ട്രോണിക്സിൽ നടക്കുന്ന വിപ്ളവം ഇന്നത്തെപോലുള്ള യാത്രകരം ആവശ്യമില്ലാതാക്കി തീർത്തേക്കാം. ഇന്നുതന്നെ ലോകത്തെവിടെയും നടക്കുന്ന കാര്യങ്ങരം നമുക്ക് ഇവിടെയിരുന്ന് ടി വിയിൽ കാണാം. പക്ഷെ, ഇന്ന് പണക്കാർക്കേ ടി വി ഉള്ളു. നാളെ പണക്കാരും പട്ടിണിക്കാരും ഇല്ലാതാകുമ്പോരം എല്ലാവർക്കും ടി വിയും റേഡിയോവും കൈ ഉണ്ടാവും. വെറു ടി വിയല്ല, അതിൽ ഇങ്ങോട്ടുള്ള പ്രക്ഷേപണങ്ങളല്ലേ നടക്കൂ. പരസ്പരം പ്രക്ഷേപണം ചെയ്യാവുന്ന ടി വി. ടെലഫോൺ ഡയൽചെയ്യുന്നമാതിരി ഡയൽചെയ്താൽമതി, വിളിക്കുന്ന ആളെ ടി വിയിൽ കാണാം. സ്കൂളിൽ പോകണമെന്നില്ല. കുട്ടികളെല്ലാം അവരവരുടെ വീട്ടിൽ ഇരുന്നാൽ മതി. അധ്യാപകൻ സ്വന്തംവീട്ടിലും. എല്ലാവർക്കും പരസ്പരം കാണാൻ സാധിക്കും. ലൈബ്രറികരം കടലാസ്സിൽ അച്ചടിച്ച പുസ്തകങ്ങളാവില്ല. കമ്പ്യൂട്ടർ സംഭരിച്ച വിവരങ്ങളാകും. ആവശ്യമുള്ള പുസ്തകത്തിന് ഡയൽ ചെയ്താൽ മതി, അതിലെ പേജുകരം നമ്മുടെ വീട്ടിലെ കമ്പ്യൂട്ടറിൽ വരുന്നു. അത് സൗകര്യം പോലെ നമ്മുടെ ടി വിയിൽ പ്രദർശിപ്പിച്ച് വായിക്കാം. ആളുകരം ഓഫീസിൽ പോകണമെന്നില്ല. ഫയലുകളെല്ലാം ഇത്തരം ടി വി–കമ്പ്യൂട്ടർ കൂട്ടുകെട്ടിലൂടെ കൈകാര്യംചെയ്യാം. സിനിമയും നാടകവും ഒന്നും കാണാൻ ഇന്നുതന്നെ പോകേണ്ട ആവശ്യമില്ല. ടി വിയുണ്ട്. ഫാക്ടറികളിൽ

സാധനങ്ങൾ ഉൽപാദിപ്പിക്കാനും വിരലിലെണ്ണാവുന്ന ആളുകൾ മതി. എല്ലാം ഓട്ടോമാററിക് യന്ത്രങ്ങളും കമ്പ്യൂട്ടറുകളും റോബട്ടുകളും ചെയ്യും. പിന്നെ നമുക്കെന്താ പണി എന്നു തോന്നുമായിരിക്കാം പണിയുണ്ട്. അതിൻെറ രൂപം ഇന്നത്തേതല്ല എന്നുമാത്രം. കായികമായ ക്ലേശം കുറയും. എന്നാൽ ബുദ്ധിപരമായ പ്രവർത്തനം കൂടും.

സൗരയൂഥത്തിലെ ഗ്രഹങ്ങൾ എല്ലാററിലും മനുഷ്യർ എത്തിയെന്നുവരും. ചന്ദ്രനിലും ചൊവ്വയിലുമെങ്കിലും ഗവേഷണശാലകൾ സ്ഥാപിക്കാൻ കഴിഞ്ഞേക്കും. അനന്തമായ പ്രപഞ്ചത്തിൻെറ ഒരു കൊച്ചുമൂലയിൽ മാത്രമെ അപ്പോഴും നാമെത്തിയിരിക്കൂ. പക്ഷെ, നമ്മുടെ ഗാലക്സിയിൽത്തന്നെപെട്ട കോടിക്കണക്കിന് നക്ഷത്രങ്ങളിൽ ചിലവക്കെങ്കിലും ഭൂമിയെപ്പോലുള്ള ഗ്രഹങ്ങളുണ്ടായിരിക്കുമെന്നും അതിൽ കുറെയെണ്ണത്തിലെങ്കിലും മനുഷ്യരെപ്പോലെ ബുദ്ധിയുള്ള ജീവികൾ ഉണ്ടായിരിക്കുമെന്നും അവരുമായി ഇന്നല്ലെങ്കിൽ നാളെ നമുക്ക് ബന്ധപ്പെടാൻ കഴിയുമെന്നും ശാസ്ത്രജ്ഞൻമാർ വിശ്വസിക്കുന്നു. അത് സാധ്യമാകുന്ന ദിനം എന്തൊരു ഉത്സവമായിരിക്കും ഈ ഭൂലോകത്ത്. എവറസ്ററ് മുകളിൽ മനുഷ്യൻ ആദ്യം എത്തിയദിവസം, ദക്ഷിണധ്രുവത്തിൽ കാലുകുത്തിയദിനം, ആദ്യത്തെ സ്പുത്നിക്വിട്ട ദിവസം, ആദ്യത്തെ ബഹിരാകാശസഞ്ചാരത്തിൻെറ ദിനം, ആദ്യമായി മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയദിനം ഇതിൻെറയൊന്നും ആവേശം നിങ്ങൾക്ക് അനുഭവിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതിലും എത്രയോ ആവേശകരമായ സന്ദർഭങ്ങളാണ് നിങ്ങളെ കാത്തിരിക്കുന്നത്.

അങ്ങ് ബഹിരാകാശത്തിൽ മാത്രമല്ല അദ്ഭുതങ്ങൾ നിങ്ങളെ കാത്തിരിക്കുന്നത്. ഭൂമിയിലെ സകല ജീവൻെറയും നിലനിൽപിന് ആധാരമായ പ്രക്രിയയാണ് പ്രഭാസങ്കലനം. അതിൻെറ രഹസ്യങ്ങളിലേക്കുള്ള യാത്ര തുടർന്നുകൊണ്ടിരിക്കയാണ്. അവിടെ എത്തുന്നത് നിങ്ങളായിരിക്കും. പ്രഭാസങ്കലനം പൂർണമായും മനുഷ്യൻെറ വരുതിയിലാവുന്ന നിമിഷം, മനുഷ്യനെ സംബന്ധിച്ചിടത്തോളം

അതൊരു അനർഘനിമിഷംതന്നെയാണ്. വിശപ്പിനോട് എന്നന്നേക്കുമായി വിടപറയാം. സൗരോർജം ഉപയോഗിക്കുന്നതിന് അത്യന്തം കാര്യക്ഷമമായ ഒരു മാർഗവുമായി. നേരത്തെ പറഞ്ഞതുപോലെ, ഇന്ന് ഇന്ത്യയിലും മററ് അവികസിത ദരിദ്രരാജ്യങ്ങളിലുമുള്ള ജനങ്ങളെ ഉപദ്രവിക്കുന്ന മിക്കരോഗങ്ങളോടും പാശ്ചാത്യലോകം വിടപറഞ്ഞു കഴിഞ്ഞിരിക്കുന്നു. സാമൂഹ്യവും സാമ്പത്തികവുമായ പുനഃക്രമീകരണവും അതിൻഫലമായി സാധ്യമാകുന്ന ദാരിദ്ര്യനിർമാർജനവും, ക്ഷയം, കുഷ്ഠം, കോളറ, വസൂരി മലമ്പനി തുടങ്ങിയ ഒട്ടേറെ രോഗങ്ങൾ ഇല്ലാതാക്കാൻ നമ്മെ സഹായിക്കും. എന്നാൽ ഇപ്പോഴും മനുഷ്യരെ ഭീഷണിപ്പെടുത്തുന്ന ചില രോഗങ്ങളുണ്ട്—ക്യാൻസർ, ഹൃദ്രോഗങ്ങൾ ജൻമനാ ഉണ്ടാകുന്ന വൈകല്യങ്ങൾ, ചിലതരം മനോരോഗങ്ങൾ മുതലായവ. ഇവക്കും പ്രതിവിധികൾ കണ്ടുപിടിക്കപ്പെടും—നിങ്ങളായിരിക്കും അവ കണ്ടുപിടിക്കുക. രോഗങ്ങളും അതുകൊണ്ടുണ്ടാകുന്ന ആതുരതയും ഇല്ലാതാകുമ്പോൾത്തന്നെ ജീവിതം എത്രമേൽ ആനന്ദകരമായിത്തീരുമെന്നോ. വയസ്സാകുന്നത് തടയാൻ പററുമോ? എന്തുകൊണ്ടാണ് ആളുകൾക്ക് വയസ്സാകുന്നത്? രോഗമില്ലെങ്കിലും ആളുകൾ വയസ്സായി മരിക്കുന്നുണ്ടല്ലോ? മരണം ഇല്ലാതാക്കാൻ പററില്ലേ? നാം ഇന്നു ചോദിക്കുന്ന ചോദ്യങ്ങളാണിവ. നിങ്ങൾ തന്നെയായിരിക്കും അതിന് ഉത്തരങ്ങൾ കണ്ടെത്തുക. ഒരുവേള എല്ലാററിനും നിങ്ങൾക്ക് ഉത്തരം കണ്ടെത്താൻപററിയില്ലെങ്കിലും അടുത്ത തലമുറ, അല്ലെങ്കിൽ അതിനടുത്ത തലമുറ അതിനുത്തരം കണ്ടെത്തും. അന്ന് മനുഷ്യരുടെ ജീവിതം എങ്ങനെ ആയിരിക്കും എന്ന് ഇന്ന് പറയാൻ വിഷമമാണ്. നമുക്ക് ആലോചിക്കാൻപോലും പററാത്ത വിധത്തിലായിരിക്കും അത്. പക്ഷെ, ഒരുകാര്യം ഉറപ്പാണ്. അതിനുമുമ്പുതന്നെ മനുഷ്യൻ പ്രകൃതിനിയമങ്ങളുടെ അജ്ഞാനം കൊണ്ടുണ്ടാകുന്ന ദുരിതങ്ങളിൽനിന്ന് മോചിക്കപ്പെട്ടിരിക്കും. ആ മോചനം നടത്തുന്നതാകട്ടെ നിങ്ങളായിരിക്കും. നാളെ നിങ്ങളുടെതാണ്.

പക്ഷെ....അതെ, വലിയ ഒരു പക്ഷെ ഉണ്ട്. എന്താണ ത്? ആ നല്ല നാളെവരെ നാം ഉണ്ടായിരിക്കേണ്ടെ? നാം ജീ വിച്ചിരിക്കേണ്ടെ? നമ്മുടെ നിലനിൽപിനെതിരായ കടുത്ത ഭീഷണി ഉയർന്നുനിൽക്കുകയാണ്. യുദ്ധത്തിൻെറയും പ രിസ്ഥിതി തകർച്ചയുടേതുമാണത്.

യുദ്ധത്തിനെതിരെ

ലോകമഹായുദ്ധങ്ങളെക്കുറിച്ച് നിങ്ങരം ചരിത്ര ത്തിൽ പഠിച്ചിട്ടുണ്ടല്ലൊ. ഒന്നാംലോകമഹായുദ്ധം 1914–ൽ തുടങ്ങി 1918–ൽ അവസാനിച്ചു. രണ്ടാംലോകമഹായുദ്ധം 1939–ൽ തുടങ്ങി 1945–ൽ അവസാനിച്ചു. എങ്ങനെയാണ് രണ്ടാംലോകമഹായുദ്ധം അവസാനിച്ചതെന്നോ? ജപ്പാനി ലെ നാഗസാക്കി, ഹിരോഷിമ എന്നീ രണ്ടു പട്ടണങ്ങളിൽ അമേരിക്ക ആററംബോംബിട്ടു. അതിൻെറ ഭീകരത ഇന്നും ഉരം ക്കിടിലത്തോടുകൂടി മാത്രമേ ആളുകരംക്ക് ഓർക്കാൻകഴി യൂ. പതിനായിരക്കണക്കിന് ആളുകരം നിമിഷനേരംകൊ ണ്ട് കരിഞ്ഞുപോയി. അവശേഷിച്ചവർ അതിഭീകരങ്ങളാ ളായ രോഗങ്ങരംക്ക് വശംവദരായി. പിന്നീട് അതിനെ ക്കാരം എത്രയോ ഭീകരങ്ങളായുള്ള ആററംബോംബുകളും ഹൈഡ്രജൻബോംബുകളും ന്യൂട്രോൺബോംബുകളും ഉ ണ്ടാക്കിയിട്ടുണ്ട്. ലോകത്തെയാകെ, അതിലുള്ള സകല ജ ന്തുജാലങ്ങളെയും സസ്യജാലങ്ങളെയും ആകെ, അനേകം ത വണ ചുട്ടുകരിക്കാൻ ആവശ്യമായത്ര അണുബോംബുകരം ഇന്ന് അമേരിക്കയുടെയും സോവിയററ്യൂണിയൻെറയും കയ്യിലുണ്ട്. ഒരിക്കലേ ചുട്ടുകരിക്കാൻ പററൂ എന്നത് ശരി തന്നെ. പക്ഷെ, ഒരിക്കൽ ചുട്ടുകരിക്കുന്നതോടുകൂടിത്തന്നെ നമ്മുടെ ഭാസുരസ്വപ്നങ്ങളെല്ലാം തകരും. പിന്നെ നേര ത്തെ പറഞ്ഞതൊക്കെ കഥയായിപ്പോലും അവശേഷിക്കില്ല.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഒട്ടേറെ യുദ്ധ ങ്ങരം ഉണ്ടായിട്ടുണ്ട്. ചിലവയിൽ അനേകം രാജ്യങ്ങരം ഇട പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് കൊറിയൻയുദ്ധം. മററു ചിലവയിൽ രണ്ടോ മൂന്നോ രാജ്യങ്ങളേ പങ്കെടുത്തിട്ടുള്ളൂ.

വിയത്നാംയുദ്ധം, സൂയസ്യുദ്ധം, ഈജിപ്ത്-ഇസ്രായേൽയുദ്ധം, ഇറാൻ—ഇറാക്ക്യുദ്ധം, ഇന്ത്യാ—ചൈനായുദ്ധം, ഇന്ത്യാ—പാകിസ്താൻയുദ്ധം അങ്ങനെ പലതും. ചിലവ ആഭ്യന്തരസമരങ്ങൾ ആണെന്നു പറയാം. ഇന്തൊനേഷ്യയിൽ, ക്യൂബയിൽ, ചിലിയിൽ, അഫ്ഗാനിസ്താനിൽ, പാകിസ്താനിൽ ഒക്കെ. കഴിഞ്ഞ മൂന്നു പതിററാണ്ടുകൾക്കുള്ളിൽ നടന്ന യുദ്ധങ്ങളും അതിൽ മരിച്ചുവീണ ആളുകളും മൊത്തമെടുത്താൽ ലക്ഷക്കണക്കിനല്ല, കോടിക്കണക്കിനുതന്നെ വരും. അതുമാത്രമല്ല, ജാതി, മതം, ഗോത്രം തൊലിനിറം തുടങ്ങിയവയുടെ പേരിലും എത്രയെത്ര സംഘർഷങ്ങളും സംഘട്ടനങ്ങളുമാണ് നടന്നിട്ടുള്ളത്. അതുപോലെ ജീവിക്കാൻ വേണ്ട കൂലികിട്ടുന്നതിന്, മനുഷ്യനെപ്പോലെ ജീവിക്കാൻ പററുന്നതിന്, എത്രയെത്ര സമരങ്ങൾ. എത്രയെത്ര രക്തസാക്ഷികൾ. ഇന്ത്യയിലെ ഇന്നത്തെ അവസ്ഥയെടുക്കൂ. പഞ്ചാബിൽ, ആസ്സാമിൽ, നാഗാലാൻഡിൽ, മിസോറാമിൽ എവിടെയാണ് കലാപമില്ലാത്തത്? ഭാഷയുടെപേരിൽ, വംശത്തിൻെറപേരിൽ, ജാതിയുടെയും മതത്തിൻെറയുംപേരിൽ, മനുഷ്യർ പരസ്പരം കൊല്ലുന്നു.

സ്വാതന്ത്ര്യത്തിൻെറ പടിവാതിൽക്കൽ, സമൃദ്ധിയുടെയും സമ്പൂർണതയുടെയും പടിവാതിൽക്കൽ, എത്തിനിൽക്കുന്ന മനുഷ്യസമൂഹം ആ സമൃദ്ധി കൊയ്തെടുക്കുന്നതിനുപകരം പരസ്പരം തലകൊയ്യുന്നു. നമ്മുടെ കൊച്ചുകേരളമെടുക്കുക. ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ളിമിങ്ങളും ഹിന്ദുക്കളിൽത്തന്നെ അവർണരും സവർണരും എല്ലാം ചേരിപിരിഞ്ഞ് പരസ്പരം കലഹിക്കുകയാണ്, പോരടിക്കുകയാണ്. സ്വാതന്ത്ര്യത്തിലേക്കല്ല പാരതന്ത്ര്യത്തിലേക്കാണ് അവരുടെ നീക്കം. സമൃദ്ധിയല്ല ദൗർലഭ്യമാണ് ഫലം. സർവനാശത്തിൻെറ ഭീഷണിക്കുമുന്നിലാണ് നാം നിൽക്കുന്നത്. അതില്ലാതാക്കണം. അതിൽനിന്ന് രക്ഷപ്പെടണം. നമ്മുടെ ഏററവും അടിയന്തരമായ കർത്തവ്യമാണത്. നമുക്കത് സാധ്യമാകണമെങ്കിൽ ഈ അവ

സ്ഥക്ക് കാരണമെന്ത് എന്ന് ആദ്യം മനസ്സിലാക്കണം.

മഹാഭാരതയുദ്ധത്തിന്റെ നാടാണ് ഭാരതം. പാണ്ഡവരും കൗരവരും തമ്മിലുള്ള യുദ്ധം. എന്തിനാണ് ആ യുദ്ധം നടന്നതെന്നറിയാമോ? രാജ്യത്തിനുവേണ്ടി. അധികാരത്തിനുവേണ്ടി. സമ്പത്തിനുവേണ്ടി. ധർമസംസ്ഥാപനത്തിനുവേണ്ടിയുള്ള യുദ്ധം എന്നാണ് പുരാണങ്ങളിൽ പറയുന്നതെങ്കിലും രാജ്യാധികാരത്തെച്ചൊല്ലിയുള്ള യുദ്ധമായിരുന്നു അതെന്ന് വ്യക്തമാണ്. നാം സ്കൂളിൽ പഠിക്കുന്ന ചരിത്രമത്രയും യുദ്ധങ്ങളുടെ ചരിത്രമാണല്ലൊ. രാജാക്കൻമാർ തമ്മിലുള്ള യുദ്ധങ്ങൾ, പുതിയപുതിയ സാമ്രാജ്യങ്ങളുടെ സ്ഥാപനം, വളർച്ച, തകർച്ച— ഇതാണല്ലൊ ഏതു ചരിത്രപുസ്തകം നോക്കിയാലും കാണുക. ഇന്ത്യാചരിത്രംതന്നെ ഒന്നു നോക്കണം. മഹാഭാരതയുദ്ധത്തിനുമുമ്പ് നടന്നതാണത്രെ രാമരാവണയുദ്ധം. അതിൽ കഥയെത്രയുണ്ട്, കാര്യമെത്രയുണ്ട് എന്നത് ശരിക്ക് നമുക്കറിയാൻ പററില്ല. എന്നാൽ മഹാഭാരതയുദ്ധത്തിനുശേഷം നടന്ന വലിയ ഒരു പടയോട്ടമാണ് അലക്സാണ്ടറുടേത്. അതിന്റെ ചരിത്രരേഖകളുണ്ട്. അതിനുശേഷം വന്ന സെല്യൂക്കസ് ചന്ദ്രഗുപ്തമൗര്യനാൽ തോൽപിക്കപ്പെട്ടതും നമുക്കറിയാം. മുഹമ്മദ്ഗോറി, ഗസ്നി തുടങ്ങിയവരുടെ ആക്രമണങ്ങളെപ്പററിയും നാം ചിത്രത്തിൽ പഠിക്കുന്നു. മുടന്തനായ തിമൂർ, സമർഖണ്ഡിൽനിന്ന് വന്ന് മുഗൾസാമ്രാജ്യം സ്ഥാപിച്ച ബേബർ, പാനിപ്പത്ത്‌യുദ്ധം പ്ളാസ്സിയുദ്ധം....ഇതെല്ലാം ഇന്ത്യാചരിത്രത്തിലെ പ്രധാനപ്പെട്ട വഴിത്തിരിവുകളാണ്. ഇവിടെ കൊച്ചു കേരളത്തിൽപോലും സാമൂതിരിയും പെരുമ്പടപ്പും വേണാടും തമ്മിലുള്ള ശണ്ഠകൾകൊണ്ട് നിറഞ്ഞതാണല്ലൊ ചരിത്രം. എന്തിനാണ് മനുഷ്യർ യുദ്ധം ചെയ്യുന്നത്? അതില്ലാതാക്കാൻ പററില്ലേ?

അതിപുരാതനകാലത്ത്, കൃഷിപോലും കണ്ടുപിടിക്കുന്നതിനുമുമ്പ് മനുഷ്യർ കാടോടികളായി വസിച്ചിരുന്ന കാലത്ത്—അന്ന് ഗോത്രങ്ങൾ തമ്മിൽ ഏററുമുട്ടലുകൾ

ഉണ്ടായിരുന്നു. പക്ഷേ, അവയെ ഇന്നത്തെ അർഥത്തിലുള്ള യുദ്ധങ്ങൾ എന്ന് വിളിക്കുകവയ്യ. ഫലമൂലാദികളുടെയും വേട്ടമൃഗങ്ങളുടെയും ദൗർലഭ്യം കാരണം ഒരു ഗോത്രക്കാർ മററൊരുഗോത്രക്കാർ അധിവസിക്കുന്ന കാടിലേക്കു കയറുമ്പോളാണ് ഇത്തരം സംഘട്ടനങ്ങൾ ഉണ്ടാകുക പതിവ്. ഇര തേടുന്ന ജന്തുക്കൾ തമ്മിലുള്ള കടിപിടിയിൽനിന്ന് ഏറെ വ്യത്യസ്തമായിരുന്നില്ല ഇത്. എന്നാൽ ഭക്ഷണസമ്പാദകനായ മനുഷ്യൻ ഭക്ഷണഉൽപാദകനായി മാറുകയും സാങ്കേതികവും സാംസ്കാരികവുമായി അവർ പുരോഗമിക്കുകയും ചെയ്തതോടെ വ്യക്തികളും വ്യക്തികളുടെ കൂട്ടങ്ങളും സ്വകാര്യലാഭത്തിനുവേണ്ടി, സമ്പത്താർജിക്കുന്നതിനുവേണ്ടി അന്യരെ ആക്രമിക്കാനും കൊള്ളയടിക്കാനും തുടങ്ങി. ഇത് സ്വന്തം നിലനിൽപിനോ ഭക്ഷണത്തിനോ വേണ്ടിയുള്ളതല്ലായിരുന്നു. ഈ കൊള്ളകളാണ് പിൽക്കാലത്ത് സംഘടിതയുദ്ധങ്ങളായിത്തീർന്നത്. 'കൊള്ള'യെക്കാൾ മാന്യമായ ഒരു പദമാണ് 'യുദ്ധം' എന്നൊരു ധാരണയുണ്ട്. മധ്യകാലത്ത് യൂറോപ്പിൽവളർന്നുവന്ന ദേശീയതാബോധം, മാതൃഭൂമിയുടെ രക്ഷക്കായി ജീവൻ ബലിയർപ്പിക്കുന്നതിനെ മഹത്തായ ഒരു ചെയ്തിയാക്കിമാററി. അതായത് സ്വന്തം രാജ്യത്തിനുവേണ്ടി യുദ്ധംചെയ്യുകയെന്നത് മഹനീയമായ ഒരു കൃത്യമായി കരുതാൻ തുടങ്ങി. എല്ലാ യുദ്ധത്തിലും ഓരോ ചേരിയും തങ്ങൾ നടത്തുന്നത് 'ധർമയുദ്ധ'മായി കരുതാൻ തുടങ്ങി. അങ്ങനെ ഹിററ്ലർ നടത്തിയ ധർമയുദ്ധമാണ് രണ്ടാം ലോകമഹായുദ്ധം. അമേരിക്ക നടത്തുന്ന പ്രത്യക്ഷവും പരോക്ഷവുമായ ധർമയുദ്ധങ്ങളായിരുന്നു കൊറിയയിലും വിയത്നാമിലും, ക്യൂബയിലും ചിലിയിലും എല്ലാം എല്ലാം. എന്നാൽ യഥാർഥത്തിൽ ഈ യുദ്ധങ്ങളുടെ സ്വഭാവമെന്താണ്?

പതിനഞ്ച്--പതിനാറ് നൂററാണ്ടുകളോടുകൂടി യൂറോപ്പിൽ മഹത്തായ പരിവർത്തനങ്ങൾ വരാൻ തുടങ്ങി. വാസ്കോ ദ് ഗാമയുടെയും കൊളംബസ്സിൻെറയും മഗല്ലൻെറയും ഒക്കെ കപ്പൽയാത്രകൾ പുതിയ ലോകങ്ങളും

പുതിയ പാതകളും അവർക്ക് തുറന്നുകൊടുത്തു. ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലുമുണ്ടായ ഭീമമായ പുരോഗതി ചരക്കുകളുടെ ഉൽപാദനത്തിൽ വിപ്ളവകരമായ മാററങ്ങരം വരുത്തി. ഈ ചരക്കുകരം വിദേശവിപണിയിൽ വിൽക്കാനായി ഓരോ രാജ്യത്തും പുതിയ പുതിയ കമ്പനികരം രൂപംകൊണ്ടു. അവർ മത്സരിച്ചു കോളനികരം ഉണ്ടാക്കാൻ തുടങ്ങി. ഇന്ത്യയിൽ ആദ്യംവന്ന ഡച്ചുകാരെയും പോർത്തുഗീസുകാരെയും പിന്നെവന്ന ഫ്രഞ്ചുകാരെയും ഒക്കെ തോൽപിച്ച് ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിച്ചു. ചില രാജ്യങ്ങളിൽ ഫ്രഞ്ചുകാർക്കും മററുചിലയിടങ്ങളിൽ ഡച്ചുകാർക്കും ഒക്കെ ആയിരുന്നു ആധിപത്യം. കോളനിരാജ്യങ്ങരം യൂറോപ്പിലെ വ്യവസായവൽകൃത രാജ്യങ്ങരംക്കാവശ്യമായ അസംസ്കൃതപദാർഥങ്ങളുടെ ഉറവിടമായും നിർമിത ഉൽപന്നങ്ങളുടെ വിപണിയായും തീർന്നു. ഈ പ്രക്രിയയിലൂടെ ഈ കോളനികളിലെ സമ്പത്തുമുഴുവൻ അധീശരാജ്യങ്ങളിലേക്ക് ഒഴുകുകയായിരുന്നു. പത്തൊമ്പതാം നൂററാണ്ട് അവസാനമായപ്പോഴേക്കും ലോകംമുഴുവൻ, അക്ഷരാർഥത്തിൽത്തന്നെ മുഴുവൻ, ഇംഗ്ളണ്ടടക്കമുള്ള ഏതാനും യൂറോപ്യൻ രാജ്യങ്ങളുടെ കോളനിയായി മാറിക്കഴിഞ്ഞിരുന്നു. അതിനിടയിൽ വ്യാവസായികമായി അതിവേഗം മുന്നേറിയ രാജ്യങ്ങളായിരുന്നു ജർമനി, ജപ്പാൻ, ഇററലി മുതലായവ. ഇവരുടെ ചരക്കുകരം വിൽക്കാൻ ലോകത്തിൽ വിപണി ഇല്ലാതായി. കാരണം, മററു അധീശരാജ്യങ്ങരം അതിന് സമ്മതിക്കില്ല. പക്ഷേ, തങ്ങളുടെ ഉൽപന്നങ്ങരം വിററഴിക്കാൻ തങ്ങരംക്കും വേണ്ടേ കോളനികരം എന്നായി അവരുടെ വാദം. വെട്ടിപ്പിടിക്കുകയല്ലാതെ മറെറാരു മാർഗവുമില്ല. ഇംഗ്ളണ്ടിൻെറയും ഫ്രാൻസിൻെറയും റഷ്യയുടെയും ഒക്കെ അധീനത്തിലുള്ള പ്രദേശങ്ങരം പിടിച്ചടക്കുന്നതിനാണ് ഒന്നാംലോകമഹായുദ്ധം ആരംഭിച്ചത്. അത് സാമ്രാജ്യത്വരാജ്യങ്ങളുടെ ഇടയിൽ കോളനികരം പുനർവിഭജനം ചെയ്യുന്നതിനുള്ള യുദ്ധമായിരുന്നു. രണ്ടാംലോകമഹായുദ്ധവും മറെറാന്നുമായിരുന്നില്ല. പക്ഷേ, മുമ്പില്ലാത്ത ഒരു

ഘടകം അന്നുണ്ടായിരുന്നു. കോളനിയല്ലാത്തതും സ്വതന്ത്രവും ഒട്ടൊക്കെ വികസിതവും കോളനികഠം ഉണ്ടാക്കാൻ ആഗ്രഹിക്കാത്തതുമായ ഒരു രാജ്യം—സോവിയററ് യൂണിയൻ—നിലവിൽ വന്നിരുന്നു. അതിനെക്കൂടി കീഴ്പ്പെടുത്താൻ ഹിററ്ലർ ആഗ്രഹിച്ചു. പൂർണമായി പരാജയപ്പെടുകയും ചെയ്തു. രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഒട്ടേറെ പുതിയ സോഷ്യലിസ്ററുരാജ്യങ്ങളുണ്ടായി. കോളനിരാജ്യങ്ങഠം ഓരോന്നോരോന്നായി രാഷ്ട്രീയസ്വാതന്ത്ര്യം നേടുകയും ചെയ്തു. പക്ഷെ,പഴയ കോളനികഠം പലതും ഇപ്പോഴും സാമ്രാജ്യത്വരാജ്യങ്ങളുടെ സാമ്പത്തികാധീശത്വത്തിൻ കീഴിലാണ്. ഏഷ്യയിലെയും ആഫ്രിക്കയിയിലെയും ലാററിൻ അമേരിക്കയിലെയും ഈ 'സ്വതന്ത്ര' രാജ്യങ്ങളെ പുതിയ രീതിയിൽ ചൂഷണം ചെയ്യുന്നതിനുള്ള അവകാശത്തിനുവേണ്ടി അമേരിക്ക, ജപ്പാൻ, യൂറോപ്പിലെ മുതലാളിത്തരാജ്യങ്ങഠം (പ്രത്യേകിച്ച് ഇംഗ്ളണ്ട്, പശ്ചിമജർമനി, ഇററലി, ഫ്രാൻസ്) എന്നിവ തമ്മിൽ കടുത്ത മത്സരം നടക്കുന്നു. ഇവരിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന രാജ്യങ്ങഠംക്ക് സോവിയററ് യൂണിയനും മററു സോഷ്യലിസ്ററുരാജ്യങ്ങളും പരമാവധി സഹായംനൽകുന്നു. ഇതിനെ, സ്വാഭാവികമായും, തങ്ങളുടെ താൽപര്യങ്ങഠംക്ക് വിരുദ്ധമായി മുതലാളിത്ത—സാമ്രാജ്യത്വ രാജ്യങ്ങഠം കാണുന്നു. ഈ പരിതസ്ഥിതിയാണ് കഴിഞ്ഞ മൂന്നുപതിററാണ്ടുകളിൽ ലോകത്തിൽ നടന്ന എല്ലാ യുദ്ധങ്ങഠംക്കും കാരണം. മററു രാജ്യങ്ങളെ ചൂഷണംചെയ്യാതെ മുതലാളിത്തരാജ്യങ്ങഠംക്ക് നിലനിൽക്കാനാവില്ല. ബഹുരാഷ്ട്രകുത്തകകളും ലോകബാങ്ക് തുടങ്ങിയ സംഘടനകളും ഒക്കെ നമ്മെപ്പോലുള്ള രാജ്യങ്ങളെ ചൂഷണംചെയ്യാനുള്ള അവരുടെ സംവിധാനമാണ്. നാം അതിൽനിന്ന് രക്ഷപ്പെടുക എന്നുവെച്ചാൽ അവരെ സംബന്ധിച്ചിടത്തോളം അത് മരണത്തിന് തുല്യമാണ്. അതൊരിക്കലും അവർ സമ്മതിക്കില്ല. കൂടുതൽ കൂടുതൽ ലാഭമുണ്ടാക്കിക്കൊണ്ടല്ലാതെ, കൂടുതൽ കൂടുതൽ ചൂഷണം ചെയ്തുകൊണ്ടല്ലാതെ

അവർക്ക് നിലനിൽക്കാനാവില്ല. ലോകത്ത് യുദ്ധമില്ലാതാകണമെങ്കിൽ അതിന്റെ ആവശ്യമില്ലാതാകണം. ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വീക്ഷണകോണത്തിലൂടെ നോക്കുമ്പോൾ അതാവശ്യമല്ലാതായിരിക്കുന്നു എന്നുമാത്രമല്ല, അത്യന്തം അപകടകരവും ആയിത്തീർന്നിരിക്കുന്നു. നേരത്തെ പറഞ്ഞതുപോലെ എല്ലാമനുഷ്യരുടെയും മിക്കവാറും എല്ലാ ആവശ്യങ്ങളും തൃപ്തിപ്പെടുത്താനുള്ള കഴിവ് ഇന്ന് മാനവസമൂഹത്തിനുണ്ട് അതിനായി പരസ്പരം വഴക്കടിക്കേണ്ടതില്ല. അതുപോലെ ഇനി ഒരു യുദ്ധമുണ്ടാവുകയാണെങ്കിൽ ഇതേവരെ മനുഷ്യർ നേടിയതെല്ലാം, മാത്രമല്ല മനുഷ്യരാകെത്തന്നെ, നശിച്ചുപോവുകയും ചെയ്യും. എന്നാൽ സാമൂഹികമായ കാഴ്ചപ്പാടിൽ ഇന്നും യുദ്ധം ഒഴിവാക്കാനാവാത്ത പരിതഃസ്ഥിതിയിലാണ്. കാരണം, ലോകത്തിലെ പകുതിയിലധികം രാജ്യങ്ങളും ഇന്ന് പരസ്പരമത്സരത്തിൽ അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയാണ് അംഗീകരിച്ചിട്ടുള്ളത്. സോഷ്യലിസ്ററ് രാജ്യങ്ങളിലെപ്പോലെ പരസ്പരസഹകരണത്തിൽ അധിഷ്ഠിതവും അന്യജനങ്ങളെ ചൂഷണം ചെയ്യേണ്ട ആവശ്യമില്ലാത്തതും ആയ ഒരു സാമൂഹ്യവ്യവസ്ഥ എല്ലാ രാജ്യങ്ങളിലും വരുന്നവരെ യുദ്ധഭീഷണി നിലനിൽക്കും.

ഇന്ന് യുദ്ധഭീഷണിക്കുപുറമെ മറെറാന്നുകൂടി മനുഷ്യനെ അലട്ടാൻ തുടങ്ങിയിരിക്കുന്നു. പരിസ്ഥിതിയുടെ തകർച്ചയാണത്. എന്താണിതെന്നുനോക്കാം.

പരിസ്ഥിതിത്തകർച്ച

മററ് ജീവികളെപ്പോലെ മനുഷ്യനും ജീവിക്കുന്നത് ചുററുപാടുമുള്ള പ്രകൃതിയുമായി ഇടപെട്ടുകൊണ്ടാണ്, ചുററുപാടിൽ മാററംവരുത്തിക്കൊണ്ടാണ്. പ്രാചീന ശിലായുഗകാലത്തെ മനുഷ്യർ ഫലമൂലാദികൾ പറിക്കുകയും മൃഗങ്ങളെ വേട്ടയാടുകയും ചെയ്താണല്ലൊ ജീവിച്ചിരുന്നത്. അക്കാലത്ത് പ്രകൃതിയിൽ ഗണ്യമായ മാററമൊന്നും മനുഷ്യർ വരുത്തിയില്ല. ഹിംസ്രമൃഗങ്ങളെ വിരട്ടിയോടി

ക്കാനും തണുപ്പകററാനുമായിഉണ്ടാക്കുന്ന തീയ്ചിലപ്പോൾ കാട്ടുതീയായിമാറി കുറച്ച് കാട് നശിപ്പിച്ചേക്കാം. അത്രമാത്രം. മററൊരു ദോഷവും ചെയ്തിരുന്നില്ല. മനുഷ്യവംശത്തിൻെറ പുരോഗതിയുടെ ഏററവും പ്രധാനപ്പെട്ട നാഴികക്കല്ലാണ് കൃഷിയുടെ കണ്ടുപിടിത്തം. കൃഷിയെന്നു പറഞ്ഞാൽ എന്താണ്? ചില സസ്യങ്ങളെ, നെല്ല്, ഗോതമ്പ്, ബാർലി, ചോളം മുതലായ പുല്ലുകളെയോ, പ്ലാവ്, മാവ്, പുളി, റബ്ബർ തുടങ്ങിയ മരങ്ങളെയോ പ്രത്യേകമായി പരിരക്ഷിക്കുകയും മററുള്ളവയെ നശിപ്പിക്കുകയും ചെയ്യുക. വിളയെ സംരക്ഷിക്കുക, കളയെ കളയുക ഇതാണല്ലൊ കൃഷി. ആദ്യകാലങ്ങളിൽ നദീതടങ്ങളിലെ ചതുപ്പുനിലങ്ങളിലും പുൽത്തകടികളിലുമായിരുന്നു കൃഷി നടത്തിയിരുന്നത്. ഇരുമ്പുകൊണ്ടുള്ള ആയുധങ്ങൾ ഉണ്ടാക്കാൻ പഠിച്ചതോടെ കാടുകൾവെട്ടിത്തെളിച്ച് കൃഷിയിടങ്ങളാക്കാൻ തുടങ്ങി. ജനസംഖ്യ വർധിക്കുന്നതനുസരിച്ച് കൂടുതൽ കാടുകൾ വെട്ടിത്തെളിക്കേണ്ടിവന്നു. കൃഷിക്കുവേണ്ടിമാത്രമല്ല, വീടുകളും റോഡുകളും—ഗ്രാമങ്ങളും നഗരങ്ങളും—ഉണ്ടാക്കാൻ സ്ഥലംവേണം. വീടുകൾ പണിയാൻ മരംവേണം. ഭക്ഷണം പാകംചെയ്യാനും തണുപ്പകററാനും ഇഷ്ടിക ചുടാനും മററു പലതിനും വിറകുവേണം. കടലാസ്സിനും റയോൺതുണിക്കും മരംവേണം. ഫർണിച്ചറിനും മററ് സാധനങ്ങൾ ഉണ്ടാക്കുന്നതിനും മരംവേണം. മനുഷ്യൻെറ എല്ലാ ആവശ്യങ്ങൾക്കും മരംവേണം. ആളുകളുടെ എണ്ണം കൂടിക്കൂടിവന്നു. ആളൊന്നുക്ക് ആവശ്യമായ മരത്തിൻെറയും ഭൂമിയുടെയും ആവശ്യവും കൂടിക്കൂടിവന്നു. കാടുകൾ ക്രമേണ അപ്രത്യക്ഷമാകാൻതുടങ്ങി. കുറെ ഭാഗം നാടായി. കുറെ മരുഭൂമികളായി. എന്നാൽ പ്രകൃതിയിലെ എല്ലാംതന്നെ പരസ്പരം ബന്ധപ്പെട്ടുകൊണ്ടാണല്ലൊ സ്ഥിതിചെയ്യുന്നത്. വ്യാപകമായ വനനശീകരണത്തിൻെറ പ്രത്യാഘാതങ്ങൾ പ്രകടമാകാൻ തുടങ്ങി. ഈ നൂററാണ്ടോടുകൂടി അത് വളരെ തീവ്രമായിത്തീർന്നിരിക്കുന്നു. ഇന്ത്യയിലെ ഹിമാലയൻ ചരിവുകളിലെയും പശ്ചിമഘട്ടത്തിലെയും

വനനശീകരണം അതിഭീകരമായ ഒരവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. കാലാവസ്ഥയിൽ ഗണ്യമായ മാററങ്ങൾവന്നു. മഴയുടെ അളവ്, അതിൻെറ വിതരണക്രമം എന്നിവയിൽ മാത്രമല്ല, അന്തരീക്ഷത്തിലെ ഈർപ്പം, താപനില, നീരുറവകളുടെ അവസ്ഥ, മേൽമണ്ണിൻെറ നില—എല്ലാററിലും മാററംവന്നു. കേരളത്തിലെ ഇടുക്കിജില്ലയിലും വയനാട്ജില്ലയിലും കഴിഞ്ഞ അര നൂററാണ്ടിനുള്ളിൽ കാലാവസ്ഥയിൽ വന്നിട്ടുള്ള മാററം ചെറുതൊന്നുമല്ല വനനശീകരണത്തിൻെറ, പ്രത്യേകിച്ച് കുന്നിൻചരിവുകളിലെ വനനശീകരണത്തിൻെറ, ഫലമായി മണ്ണൊലിപ്പ്, വെള്ളപ്പൊക്കം, വേനലിലെ വരൾച്ച ഇതെല്ലാം വർധിക്കും എന്ന് കുറെക്കാലമായി നമുക്കറിയാം. ഇപ്പോൾ നന്നായി അനുഭവപ്പെടുകയും ചെയ്തിരിക്കുന്നു. കാടിൻെറ നാശംകൊണ്ടുണ്ടാകുന്ന ഇത്തരം മാററങ്ങൾ ഒരു നിലക്കു പറഞ്ഞാൽ പ്രാദേശികം ആണ്. പശ്ചിമഘട്ടത്തിലെ വനനശീകരണം കേരളത്തെയാണ് കാര്യമായി ബാധിക്കുക. ആഫ്രിക്കയെയോ ഇംഗ്ലണ്ടിനെയോ അത് കാര്യമായി ബാധിക്കില്ല. എന്നാൽ ലോകമൊട്ടാകെ നടക്കുന്ന, പ്രത്യേകിച്ച് ആഫ്രിക്കയിലും ഇന്ത്യയിലും ലാററിൻ അമേരിക്കയിലും വ്യാപകമായി നടക്കുന്ന വനനശീകരണം ലോകവ്യാപകമായ കാലാവസ്ഥാമാററങ്ങൾതന്നെ വരുത്തുന്നതാണ്, വരുത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

ലോകമഹായുദ്ധം ഉണ്ടായി മനുഷ്യനും അവൻെറ സൃഷ്ടികളും എല്ലാം നശിച്ചുപോയില്ലെങ്കിൽക്കൂടി മനുഷ്യനെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പററാതാകും, പ്രകൃതിയിൽവരുന്ന ഇത്തരം മാററങ്ങൾ കാരണം. വനനശീകരണം മാത്രമല്ല അപകടകാരിയായ മാററം. കേരളം കുന്നും മലകളും നിറഞ്ഞ നാടാണ്. ധാരാളം മഴപെയ്യുന്നുണ്ട്. 41 നദികളിലൂടെയായി ഈ വെള്ളത്തിൻെറ ഒരംശം കടലിലേക്ക് ഒഴുകിപ്പോകുന്നു. ഒട്ടേറെ പോഷകനദികളിലൂടെയും തോടുകളിലൂടെയുമാണ് ഈ വെള്ളം നദികളിലെത്തുന്നത്. ഈ ഗതിക്ക് തടസ്സംവന്നിരി

ക്കയാണ്. പാടങ്ങൾക്കു കുറുകെ ധാരാളമായി റോഡുകൾ വരുന്നത് നാം കണ്ടിട്ടുണ്ട്. പാടങ്ങൾ ക്രമത്തിൽ പറമ്പുകളായിമാറുന്നു. നീരൊഴുക്കിന്റെ ഗതി തടസ്സപ്പെടുന്നു, നീർക്കെട്ടുണ്ടാകുന്നു. വെള്ളപ്പൊക്കവും കൃഷിനാശവും സംഭവിക്കുന്നു. ഇതൊക്കെ ഇന്ന് കേരളത്തിൽ കാണാം. ലോകത്തിലെ പല രാജ്യങ്ങളിലും ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നതായി കാണാം. ചില നല്ല ലക്ഷ്യങ്ങൾവെച്ച് പ്രകൃതിയിൽ നാം ചില മാററങ്ങൾ വരുത്തുന്നു. തൽക്കാലത്തേക്ക് ആ ലക്ഷ്യങ്ങൾ കൈവരിക്കുന്നു. എന്നാൽ കുറച്ചു കഴിയുമ്പോൾ നേരത്തെ ലഭിച്ച ഗുണത്തേക്കാളേറെ ദോഷം വന്നുഭവിക്കുന്നു. പണ്ടുകാലത്ത് നാം ഇന്നുചെയ്യുന്ന പ്രവൃത്തികളുടെ വിദൂരഭാവിയിലുണ്ടായേക്കാവുന്ന ഫലങ്ങൾ മുൻകൂട്ടിക്കാണാൻ നമുക്കു പററുമായിരുന്നില്ല. എന്നാൽ ഇന്ന് നമുക്കതുപററും. പല രാഷ്ട്രങ്ങളും അതനുസരിച്ച് തങ്ങളുടെ നയങ്ങളിൽ മാററം വരുത്തിയിട്ടുണ്ട്. എന്നാൽ സ്വകാര്യലാഭം കുന്നുകൂട്ടാൻ സാധ്യതയുള്ള രാജ്യങ്ങളിൽ ഇത് നടപ്പാക്കാൻകഴിയുന്നില്ല. ജനസാമാന്യത്തിന്റെ ഇന്നത്തെയോ ഭാവിയിലെയോ താൽപര്യങ്ങൾ ഈ ന്യൂനപക്ഷത്തിന് ഒരു പ്രശ്നമല്ല. അവരെസംബന്ധിച്ചിടത്തോളം ഇന്നത്തെ ലാഭം—അതാണ് ഏററവും പ്രധാനം.

ഈ ലാഭേച്ഛതന്നെ മറെറാരുതരം വിപത്തിലേക്കും നമ്മെ നയിച്ചുകൊണ്ടിരിക്കയാണ്. പരിസരമലിനീകരണം. കേരളത്തിലെ ചാലിയാർ, കല്ലടയാർ, പെരിയാർ, മൂവ്വാററുപുഴ എന്നിവയിലെ വെള്ളം വിഷമയമായിത്തീർന്നിരിക്കുന്നു. അതിനെതിരായി തീരദേശവാസികൾ നടത്തിയിട്ടുള്ള സമരങ്ങൾ ഇനിയും വിജയിച്ചിട്ടില്ല. കേരളത്തിലെ ഏലൂർ, ഉദ്യോഗമണ്ഡൽ പ്രദേശം ലോകത്തിലെ ഏററവും അധികം വായുമലിനീകൃത പ്രദേശങ്ങളിലൊന്നാണ്. ഇതൊക്കെ പ്രാദേശികമായി നടക്കുന്നതാണ്. എന്നാൽ കഴിഞ്ഞ് പത്തമ്പത് വർഷങ്ങളിൽ കാറുകൾ ബസ്സുകൾ മുതലായവയുടെയും പവർ സ്റേറഷനുകൾ, വ്യവസായങ്ങൾ മുതലായവയുടെയും എണ്ണത്തിൽ ഉണ്ടായ അതിഭീമമായ വർധന

വിൻെറ ഫലമായി അന്തരിക്ഷത്തിലേക്ക് വിടപ്പെടുന്ന കാർബൺഡൈ ഓക്സൈഡ്, സൽഫർ ഡൈ ഓക്സൈഡ് മുതലായവയുടെ അളവ് ഗണ്യമായി വർധിച്ചിരിക്കുന്നു. ഇതിൻെറ പ്രത്യാഘാതങ്ങൾ അതിഭീമമായിരിക്കുമെന്നാണ് ശാസ്ത്രജ്ഞൻമാർ പറയുന്നത്. ഭൂമിയിലെ മൊത്തം താപനില ഉയരാനും അതിൻഫലമായി ധ്രുവപ്രദേശങ്ങളിലെ മഞ്ഞുരുകാനും സമുദ്രവിതാനം ഉയരാനും കരയുടെ പകുതിയിലധികം വെള്ളത്തിലായി പോകാനും ഇത് കാരണമായേക്കും എന്നവർ ഭയപ്പെടുന്നു. ഇല്ലെങ്കിൽത്തന്നെ, അന്തരിക്ഷത്തിലെ വിഷവാതകങ്ങളുടെ അളവ് വർധിച്ചുവരികയാണ്; മനുഷ്യനും മൃഗങ്ങൾക്കും ശ്വസിക്കാൻ കൊള്ളാത്തതായിത്തീരുകയാണ്. നാനാതരം രോഗങ്ങൾ അതിൻഫലമായി വന്നുപെടുന്നു. ഇന്നത്തെ നിരക്കിലുള്ള മലിനീകരണം തുടരുകയാണെങ്കിൽ പത്തമ്പതുകൊല്ലത്തിനുള്ളിൽ ഈ ഭൂമി മനുഷ്യാധിവാസയോഗ്യമല്ലാതായിത്തീരുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു. ഇവിടെ ഒരു കാര്യം ശ്രദ്ധേയമാണ്. ഈ മലിനീകരണം കുറയ്ക്കുന്നതിനുള്ള സാങ്കേതികവിദ്യകൾ ഇന്ന് മനുഷ്യനറിയാം. അത് കുറയ്ക്കാനായി പണച്ചെലവുണ്ട്. ആ ചെലവ് സഹിക്കുകയാണെങ്കിൽ മുതലാളിമാരുടെ ലാഭം കുറയും. അതിനവർ തയ്യാറല്ല. ഇതുകൊണ്ടാണ് മലിനീകരണം വർധിക്കുന്നത്. സോഷ്യലിസ്ററു രാജ്യങ്ങളിൽ സ്വകാര്യമുതലാളിമാരുടെ ലാഭത്തിൻെറ പ്രശ്നം ഉദിക്കുന്നില്ല. അതിനാൽ അവിടത്തെ വ്യവസായങ്ങളിൽ നിന്നുള്ള മലിനീകരണം, മുതലാളിത്ത രാജ്യങ്ങളിലെ സമാനങ്ങളായ വ്യവസായങ്ങളിൽനിന്നുള്ള മലിനീകരണത്തിൻെറ പത്തിലൊന്നോ അതിൽ കുറവോ മാത്രമെ വരുന്നുള്ളു. അപ്പോൾ പരിസരമലിനീകരണം കുറയ്ക്കുന്നതിൻെറ കാര്യത്തിലും കാതലായ വിഘാതമായി നിൽക്കുന്നത് സ്വകാര്യ ലാഭേച്ഛയാണ്. സ്വകാര്യലാഭം ഉണ്ടാക്കുന്ന വ്യവസ്ഥ ഇല്ലാതായല്ലാതെ മലിനീകരണപ്രശ്നത്തിനും നിവാരണം കണ്ടെത്തുക സാധ്യമല്ല.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം രാസമലിനീകര

ണത്തോടൊപ്പം വളർന്നുവന്നതും അതിനെക്കാം ഗുരുതരമായതും ആയ മററൊരു വിപത്തുണ്ട്. റേഡിയോ ആക്ടീവതയാണത്. നൂററുക്കണക്കിനായി നടത്തിയ അണുവായുധ പരീക്ഷണങ്ങളം അന്തരീക്ഷത്തിലും വെള്ളത്തിലും റേഡിയോ ആക്ടീവങ്ങളായ പദാർത്ഥങ്ങളം വിതറി. റേഡിയോ ആക്ടീവത സാധാരണനിലയിൽ നമുക്ക് ഉടനടി അനുഭവപ്പെടുകയില്ല. ചൂടില്ല, ചൊറിച്ചിലുണ്ടാക്കില്ല, വയററുവേദനയോ തലവേദനയോ ഉണ്ടാക്കില്ല. നാം അറിയുകയേ ഇല്ല. എന്നാൽ ഏതാനും കൊല്ലങ്ങളംക്കുള്ളിൽ മാരകങ്ങളായ രോഗങ്ങളം, പ്രത്യേകിച്ചും ക്യാൻസർ മുതലായ രോഗങ്ങളം ഉണ്ടാക്കുന്നു. അതിൽനിന്ന് മോചനംലഭിക്കുക പ്രയാസമാണ്. അതിലും ഭീകരമായ മററൊരു വസ്തുതയുണ്ട്. ഭാവി തലമുറകളെ ആകെ ബാധിക്കുന്ന ജനിതകരോഗങ്ങളംക്ക് അവ കാരണമാകുന്നു. ജൻമനാ അംഗവൈകല്യമുള്ള കുട്ടികളുണ്ടാകാൻ അത് കാരണമാകുന്നു. ഇതിനെല്ലാം ഇന്ന് ധാരാളം തെളിവുകളുണ്ട്. നാഗസാക്കിയിലും ഹിരോഷിമയിലും അണുബോംബിട്ടിട്ട് 28 കൊല്ലമായി. ഇതിനിടയിൽ പിറന്ന അനേകായിരം വികലാംഗരായ കുട്ടികളുടെ അനുഭവംവെച്ചിട്ടാണ് ഇത് പറയുന്നത്. അണുബോംബുകളിൽനിന്ന് പുറത്തുവിടുന്നതിനെക്കാം എത്രയോ കൂടുതൽ റേഡിയോ ആക്ടീവപദാർത്ഥങ്ങളം ഇന്ന് ലോകത്തെമ്പാടുമുള്ള അണുറിയാക്ടറുകളിൽ ഉണ്ടാക്കപ്പെടുന്നു. മനുഷ്യന് എത്ര ഊർജം ഉണ്ടായാലും മതിയാകില്ല എന്ന നില വന്നിരിക്കയാണ്. ഊർജം ഉൽപാദിപ്പിക്കാനായി ധാരാളമായി അണുറിയാക്ടറുകം ഉണ്ടാക്കുന്നു, അതിൻെറ ഗുണദോഷചിന്ത നടത്താതെ. ഇതിലും ഒരു സവിശേഷതയുണ്ട്. അണുശക്തിനിലയം, പ്രത്യേകിച്ച് ഇന്ന് അമേരിക്കയിലും ഇംഗ്ളണ്ടിലും ജപ്പാനിലും ഒക്കെ ഉണ്ടാക്കുന്നതരം ഒരു അണുശക്തിനിലയം ഉണ്ടാക്കണമെങ്കിൽ ആയിരം കോടി രൂപവേണം. അതിൻെറ കരാർ ഏറെറടുക്കാൻ വൻകിടക്കാർക്കേപററൂ——വൻകിടക്കാർ എന്നു പറഞ്ഞാൽപോരാ, ലോകത്തിലെ ഏററവും വലിയ വ്യവസായികം അവർക്കേ

പററൂ. അവർക്ക് കനത്ത ലാഭം ഉണ്ടാക്കുന്ന ഏർപ്പാടാകയാൽ, ജനങ്ങൾക്ക് ദ്രോഹകരമാണെങ്കിലും വലിയതോതിൽ അണുശക്തിനിലയങ്ങൾ സ്ഥാപിക്കാൻ അവർ മുൻകയ്യെടുക്കുന്നു. ഇന്ന് ലോകത്തെമ്പാടും അണുശക്തിനിലയങ്ങൾക്കെതിരായ ബഹുജനസമരങ്ങൾ പൊന്തിവന്നിട്ടുണ്ട്. അതിൻെറ ഫലമായി അമേരിക്കയിലും ജർമനിയിലും ഒക്കെ പല അണുശക്തിനിലയങ്ങളുടെയും നിർമാണം നിർത്തിവെച്ചിരിക്കയാണ്. അണുശക്തിനിലയങ്ങൾ ഉല്പാദിപ്പിക്കുന്ന റേഡിയോ ആക്തീവങ്ങളായ മാലിന്യങ്ങൾ നൂററാണ്ടുകളല്ല, ആയിരത്താണ്ടുകൾ മാരകങ്ങളായ റേഡിയോ പ്രസരങ്ങൾ പൊഴിച്ചുകൊണ്ടിരിക്കും. അവയെ ശമിപ്പിക്കാൻ ഭൗതികമോ രാസപരമോ ജൈവികമോ ആയ ഒരു മാർഗവുമില്ല. മണ്ണിനടിയിലോ കടലിനടിയിലോ എത്ര ഭദ്രമായി സൂക്ഷിച്ചാലും കാലക്രമത്തിൽ അവ ലോകത്തെല്ലായിടത്തും പരക്കും. ആസന്നമായ ഒരു ഭീഷണിയല്ലെങ്കിലും ദീർഘകാലത്തിൽ അത്യന്തം ഭയപ്പെടേണ്ട ഒന്നാണിത്.

മുൻ ഖണ്ഡികയിൽ നാം മനുഷ്യൻെറ വർധിച്ചുവരുന്ന ഊർജാവശ്യത്തെക്കുറിച്ചു പറഞ്ഞു. ആദ്യത്തെ അധ്യായത്തിൽ അടുത്തനൂററാണ്ടിൽ പ്രചാരത്തിൽ വന്നേക്കാവുന്ന ഊർജപ്രഭവങ്ങളെപ്പററിയും പറഞ്ഞു. ഇന്ന് ഒരു സാധാരണ അമേരിക്കക്കാരന് ദിവസേന 30 യൂണിററ് വൈദ്യുതി വേണം. ഒരു ശരാശരി ഇന്ത്യക്കാരന് അത് മൂന്നു മാസത്തേക്ക് മതിയാകും. ശരാശരി അമേരിക്കക്കാരന് ദിവസേന 40 കിലോഗ്രാം കൽക്കരിക്ക് സമാനമായ എണ്ണയും ഗ്യാസും കൽക്കരിയും വേണം. സാധാരണ ഇന്ത്യാക്കാരൻ ഇതുകൊണ്ട് രണ്ടുമാസം കഴിച്ചുകൂട്ടും. ലോകത്തുള്ള എല്ലാവരും അമേരിക്കക്കാരെപ്പോലെ ഊർജം ഉപയോഗിക്കുകയാണെങ്കിൽ ഏതാനും ദശാബ്ദങ്ങൾക്കുള്ളിൽ ഇവിടത്തെ കൽക്കരിയും എണ്ണയും ഗ്യാസും ഒക്കെ തീരും. സൂര്യനിൽനിന്ന് എത്ര ശ്രമിച്ചിലും അന്നേക്ക് ഈ തോതിൽ ഊർജം ഉണ്ടാക്കാൻ പററില്ല. പിന്നെ നന്നെ കുറച്ച് ഊർജംകൊണ്ട് കഴിച്ചുകൂട്ടേണ്ടിവരും. എങ്ങനെ എന്ന് അറിയുകയുംചെയ്യില്ല.

വല്ലാത്തൊരു പരിഭ്രാന്തിതന്നെ ആയിരിക്കും അന്ന്. ഭാവി ശാസ്ത്രവിദഗ്ധരായ ശാസ്ത്രജ്ഞർ പറയുന്നു: ഇന്ന ത്തെനിലയ്ക്ക് പോവുകയാണെങ്കിൽ ഊർജക്ക്മ്മി'യെന്ന മ ഹാഭൂതമായിരിക്കും നമ്മെ നേരിടുക. അന്ന് ലോകത്തിലാകെ അറുനൂറോ എഴുനൂറോ കോടി ജനങ്ങളുണ്ടാകും. എന്നാൽ പെട്ടെന്ന് അതെ, ഏതാണ്ട് പെട്ടന്നുതന്നെ, കൽക്കരിയും എ ണ്ണയും പ്രകൃതിവാതകങ്ങളും അപ്രത്യക്ഷമായതിന്റെ ഫല മായി ഊർജഉറവിടങ്ങൾ അപ്രത്യക്ഷമാകുന്നു. നൂറുകോടി ജനങ്ങൾക്കുവേണ്ട ഊർജംപോലും കിട്ടാതാകുന്നു. മററുള്ള വർ മരിക്കുകതന്നെവേണം, അതിജീവനത്തിനായുള്ള മത് സരം അതികഠിനമായിത്തീരും. അന്നേക്ക് മനുഷ്യൻ സ് റേറാക്കുചെയ്യുന്ന നശീകരണായുധങ്ങളുടെ ശക്തിവെച്ചു നോക്കുമ്പോൾ ഈ മത്സരം മനുഷ്യവംശത്തെയാക്കെ നശി പ്പിക്കും എന്ന് തീർച്ചയാണ്. മനുഷ്യരെ മാത്രമല്ല ലോക ത്തിലെ മററു ജീവജാലങ്ങളെയും നശിപ്പിക്കും. ഭൂമിയിൽ ജീവനേ ഇല്ലാതാകും. ചന്ദ്രനെപ്പോലെയും ചൊവ്വയെപ്പോ ലെയും അതൊരു അചേതന ലോകമായിത്തീരും.

ഇത്തരമൊരു പരിതസ്ഥിതി ഊർജദാരിദ്ര്യം കൊ ണ്ടുമാത്രമല്ല സംഭവിക്കുക. പ്രകൃതിയിൽനിന്ന് ലഭി ക്കുന്ന മിക്കവാറും എല്ലാ മൂലകങ്ങളും യൗഗികങ്ങളും ഉപ യോഗിക്കാൻ മനുഷ്യർ പഠിച്ചുകഴിഞ്ഞു. പഠിക്കുകമാത്രമ ല്ല, അവയെല്ലാം കൂടിയേ കഴിയൂ എന്നൊരവസ്ഥയും വന്നിരിക്കുന്നു. ഇരുമ്പും അലൂമിനിയവും ഇല്ലാത്ത ഒരു ലോകത്തെക്കുറിച്ച് നമുക്ക് ആലോചിക്കാനേ പററില്ല. എ ന്നാൽ, അത്ര പ്രകടമല്ലെങ്കിലും നമുക്ക് ഒഴിവാക്കാനാവാ ത്ത മറെറാട്ടേറെ പദാർഥങ്ങളുണ്ട്. അതിൽ പ്രധാനമായ ഒ ന്നാണ് ചെമ്പ്. മറെറാന്നാണ് ടിൻ. ഈയവും ആവശ്യമാ ണ്. ഇന്നത്തെ നിരക്കിൽ ചൂഷണം തുടരുകയാണെങ്കിൽ ചെമ്പ്, സ്വർണം, ഈയം, രസം, വെള്ളി, ടിൻ, സിങ്ക്. തുടങ്ങിയ മിക്കലോഹങ്ങളും രണ്ടുമൂന്ന് പതിററാണ്ടുകൾ ക്കുള്ളിൽ കിട്ടാതായിത്തീരുമെന്ന് കണക്കാക്കിയിരിക്കുന്നു ഇവക്കുവേണ്ടിയുള്ള കടിപിടിയും ലോകരാഷ്ട്രങ്ങൾ ത

ത്തിൽ യുദ്ധങ്ങൾക്കിടയാക്കുന്നു. ചിലിയിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട അലൻ ദെയുടെ ഗവൺമെൻറിനെ തകർത്തതും അദ്ദേഹത്തെ വധിച്ചതും അവിടത്തെ ചെമ്പിലുള്ള അമേരിക്കൻ കമ്പനികളുടെ കുത്തക താൽപര്യമായിരുന്നു. ഇറാൻ, ഇറാക്, ലിബിയ, ലെബനൺ, ഇസ്രായേൽ....തുടങ്ങിയ മധ്യപൗരസ്ത്യ രാജ്യങ്ങളിലെ മിക്ക യുദ്ധങ്ങൾക്കും കാരണം പെട്രോളിയത്തിലുള്ള താൽപര്യമാണ്. പ്രകൃതിവിഭവങ്ങളുടെ, ലോഹങ്ങളുടെയും ഇന്ധനങ്ങളുടെയും ഭൂമിയുടെയും ഒക്കെ, ഇങ്ങനെ വർധിച്ചുവരുന്ന ചൂഷണവും അതിൻെറ ഫലമായി അവയുടെ ലഭ്യതയിൽ വരുന്ന ഇടിവും ഒരുവശത്തും വർധിച്ചുവരുന്ന ജനസംഖ്യയും അവർക്കാവശ്യമായിരുന്ന സാധനങ്ങളുടെ ആധിക്യവും മറുവശത്ത്. പരിമിതമായ വിഭവങ്ങൾക്കുവേണ്ടി പരസ്പരം പടപൊരുതി അവസാനം സർവനാശത്തിലേക്കുനയിക്കുന്നു.

ഇതിൽനിന്ന് രക്ഷ പ്രാപിക്കണമെങ്കിൽ രണ്ടുകാര്യങ്ങൾവേണം: ഒന്നാമതായി നമ്മുടെ 'ആവശ്യ'ങ്ങൾ പരിമിതപ്പെടുത്താൻ നമുക്ക് കഴിയണം. ഇന്ന് വികസിതരാജ്യങ്ങളിലും അവികസിത രാജ്യങ്ങളിലെ ധനികന്യൂനപക്ഷത്തിൻെറ ഇടയിലും പ്രചരിക്കുന്ന ചരക്കുകൾ എണ്ണത്തിലും വൈവിധ്യത്തിലും ഊഹിക്കാൻപോലും പററാത്തത്ര അധികമാണ്. മനുഷ്യൻെറ ജീവ സന്ധാരണത്തിനോ, സാംസ്കാരികാസ്വാദനത്തിനോ ഇവയിൽത്തന്നെ ചെറിയ ഒരു ശതമാനത്തിൽ കൂടുതൽ ആവശ്യമില്ല. ഇന്ന് നാം ഒരു സിനിമ കാണാൻ പോയാൽ ചുരുങ്ങിയത് ഇരുപതുതരം ടൂത്ത് പേയിസ്ററിൻെറയും പൗഡറിൻെറയും സോപ്പിൻെറയും പരസ്യങ്ങൾ കാണാം. ഓരോന്നും അതുമാത്രമാണ് നല്ലത് എന്നവകാശപ്പെടുന്നു. ഇവഉണ്ടാക്കുന്നതിനും അവയ്ക്ക് പ്രചാരണം നൽകുന്നതിനുമായി ചെലവാക്കുന്ന തുക അതിഭീമമാണ്. അതിൻെറ പത്തിലൊന്നു തുകകൊണ്ട് നമ്മുടെ എല്ലാം ആവശ്യങ്ങൾ സന്തോഷകരമായി തൃപ്തിപ്പെടുത്താം. നമുക്ക് രോഗംവന്നാൽ ചികിത്സിക്കാൻ മരുന്നുവേണം.

എന്തെല്ലാം മരുന്നുകൾ വേണം? ലോകാരോഗ്യസംഘടന പറയുന്നു, ഏതാണ്ട് 200 മരുന്നുകളുണ്ടായിരുന്നാൽ മതി, നമ്മുടെ എല്ലാരോഗങ്ങൾക്കും ചികിത്സിക്കാം. എന്നാൽ ഇന്ന് ഇന്ത്യയിൽത്തന്നെ മുപ്പതിനായിരത്തിലധികം പേരുകളിലുള്ള മരുന്നുകൾ ഉണ്ട്. എല്ലാം തന്നെ മേൽപറഞ്ഞ ഇരുനൂറു മരുന്നുകളോ അവയുടെ കൂട്ടുകളോ ആണ്. ഓരോ കമ്പനിയും അതിൻെറ പ്രത്യേകപേര് കൊടുക്കുകയും അതാണ് ലോകത്തിൽവെച്ച് ഏററവും നല്ലതെന്ന് വിധിക്കുകയും ചെയ്യുന്നു. പ്രതിവർഷം നൂറുക്കണക്കിന് കോടി രൂപയുടെ ബിസിനസ്സു കണ്ടെത്തുന്ന വൻകിട ബഹുരാഷ്ട്രക്കുത്തകകളായ മരുന്നുകമ്പനികളുണ്ട്. ഓരോരുത്തർക്കും ലാഭം ഉണ്ടാക്കണം. അതാണ് കാര്യം.

അങ്ങനെനോക്കുമ്പോൾ, ഇന്ന് നാം ചരക്കുകളുടെ ഒരു ലോകത്താണ് ജീവിക്കുന്നതെന്നു കാണാം. ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, വിനോദം, വിശ്രമം....ഏതു രംഗത്തും പതിനായിരക്കണക്കിനു ചരക്കുകൾ കാണാം, അതുണ്ടാക്കുന്നവരെയും വിൽക്കുന്നവരെയും കാണാം. ചരക്കുണ്ടാക്കുന്നവരുടെയും വിൽക്കുന്നവരുടെയും ലോകമാണിത്. അതിൻെറ ഫലമാകട്ടെ അതിഭീമമായ ദുർവ്യയവും. എന്തിനാണിത് ചെയ്യുന്നത്? ലാഭത്തിന്! വ്യക്തിപരമായ ലാഭത്തിന്. ലാഭസമ്പാദനത്തിൽ അധിഷ്ഠിതമായ ഒരു സമൂഹത്തിന് ഈ ഗതികേടിൽനിന്ന് രക്ഷപെടാനാകില്ല. മാത്രമല്ല, ഈ മത്സരം ഒഴിച്ചുകൂടാനാവാത്ത മറെറാരു വിപത്തിനെക്കൂടി ക്ഷണിച്ചുവരുത്തുന്നു: യുദ്ധം. വികസിതരാജ്യങ്ങളിൽ മൊത്തം ചെലവാക്കപ്പെടുന്ന മനുഷ്യാധ്വാനത്തിൻെറ പകുതിയിലേറെ, പ്രകൃതിവിഭവങ്ങളുടെ പകുതിയിലേറെ ദേശീയപ്രതിരോധത്തിന് എന്ന പേരിലാണ്, അതായത് യുദ്ധത്തിനാണ്, യുദ്ധത്തിനുവേണ്ടി സാധനങ്ങൾ ഒരുക്കുകൂട്ടുന്നു, ആളുകളെ നിയോഗിക്കുന്നു, മത്സരമുണ്ടുതാനും. പിന്നെ എങ്ങനെ യുദ്ധം ഒഴിവാക്കാൻ സാധിക്കും?

അങ്ങനെ ആകെക്കൂടി നോക്കുമ്പോൾ, യുദ്ധഭീഷണി

യും പരിസ്ഥിതിത്തകർച്ചയുടെ ഭീഷണിയും രണ്ടും ഉദ്ഭവിക്കുന്നത് സ്വകാര്യലാഭത്തിലും, തദ്വാരാ, ഒഴിവാക്കാനാവാത്ത മത്സരത്തിലും അധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥയാണെന്നുകാണാം. നാം വിഭാവനംചെയ്യുന്ന നല്ലനാളെ, പ്രകൃതിരഹസ്യങ്ങൾ അനാവരണം ചെയ്യപ്പെട്ട്, മനുഷ്യൻ സ്വതന്ത്രനായിത്തീരുന്ന ആ നല്ലനാളെ, സാക്ഷാത്ക്കരിക്കണമെങ്കിൽ, യുദ്ധം തടയണം, അതിനായി മത്സരം ആവശ്യമല്ലാത്തതോ, അസാധ്യമോ ആക്കണം. അസാധ്യമാക്കികൊണ്ടേ ആവശ്യമില്ലാതാക്കാൻ പററൂ. എങ്ങനെയാണത് അസാധ്യമാക്കുക? അതിൽ നമുക്ക് എന്തു പങ്കാണ് വഹിക്കാനുള്ളത്?

കേരളവും ലോകവും

1947 ആഗസ്ററ് 15ന് ആണല്ലൊ ഇന്ത്യ സ്വതന്ത്രയായത്. ഭാവിയിലെ ഇന്ത്യ എങ്ങനെ ആയിരിക്കണമെന്ന് സമൂഹത്തിലെ എല്ലാവർക്കും അന്നുതന്നെ ഒരേ അഭിപ്രായമല്ല ഉണ്ടായിരുന്നത്. 'രാമരാജ്യ'മായാണ് മഹാത്മാഗാന്ധി അതിനെ വിഭാവനംചെയ്തത്. നല്ലവരായ നേതാക്കളുടെ കീഴിൽ നല്ലവരായ മുതലാളിമാർ നാട്ടുകാരുടെ സമ്പത്തെല്ലാം കാത്തുരക്ഷിക്കുകയും വളർത്തുകയും ചെയ്യുക—ഇതാണ് രാമരാജ്യത്തിലെ ഒരു ഘടകം. അമിതമായ യന്ത്രവൽക്കരണത്തിനും പാശ്ചാത്യവൽക്കരണത്തിനും അദ്ദേഹം എതിരായിരുന്നു. ചിലർ ഭാവി ഇന്ത്യയെകണ്ടത് യൂറോപ്യൻരാജ്യങ്ങളുടെ ഒരു തനിപ്പകർപ്പായാണ്. മററുചിലർ ഇന്ത്യയിൽ മുസ്ളീംങ്ങൾക്ക് രക്ഷയില്ലെന്നും അവർക്ക് പ്രത്യേകം ഒരു രാജ്യം വേണമെന്നും കരുതി. അവർ പാകിസ്താൻ നേടി. മററുചിലർ അവശേഷിച്ച ഇന്ത്യയിൽ മുസ്ളീംങ്ങൾക്ക് സ്ഥാനമില്ലെന്നും അത് തികഞ്ഞ ഒരു ഹിന്ദുരാജ്യമാകണമെന്നും വിശ്വസിച്ചു. അതിനെ എതിർത്ത മതസഹിഷ്ണുതയ്ക്കുവേണ്ടി നിലകൊണ്ട ഗാന്ധിയെ അവർ വെടിവെച്ചുകൊന്നു. ഇന്ത്യയിൽ ഒരു സോഷ്യലിസ്ററ്

സമൂഹം കെട്ടിപ്പടുക്കണം എന്നാഗ്രഹിക്കുന്നവരുമുണ്ടായിരുന്നു. കമ്യൂണിസ്ററുകാരും സോഷ്യലിസ്ററുകാരും മാത്രമല്ല, നെഹ്റുപോലും അതാണ് ആഗ്രഹിച്ചിരുന്നത്. സോഷ്യലിസ്ററ്രാജ്യമായ സോവിയററ്യൂണിയൻെറ നേട്ടങ്ങൾ അദ്ദേഹത്തെ അത്രമേൽ ആകർഷിച്ചിരുന്നു. എന്നാൽ ഭരണത്തിൻെറ ചുക്കാൻ പിടിച്ചിരുന്നവരിൽ ഭൂരിപക്ഷവും ഇതിനോട് യോജിച്ചില്ല. തർക്കങ്ങൾ നടന്നുകൊണ്ടിരിക്കെ വൻകിടക്കാരായ ഭൂവുടമകളും വ്യവസായി വ്യാപാരികളും ഭരണത്തിൻെറമേലുള്ള തങ്ങളുടെ പിടിമുറുക്കുകയായിരുന്നു. എന്നാൽ ജനങ്ങളിൽ നല്ലൊരുഭാഗത്തെ സോഷ്യലിസം എന്ന ആശയം, ആവേശംകൊള്ളിച്ചിരുന്നതിനാൽ 1955–ൽ ഇന്ത്യയുടെലക്ഷ്യം സോഷ്യലിസ്ററു മാതൃകയിലുള്ള ഒരു സമൂഹം കെട്ടിപ്പടുക്കലാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. അതിനുശേഷം ഇന്നേവരെ ആ ലക്ഷ്യം വേണ്ടെന്നുവെച്ചിട്ടില്ല. എന്നാൽ അതിൽനിന്ന് കൂടുതൽ കൂടുതൽ അകന്നുപോവുകയാണെന്ന് ചിലർ വാദിക്കുന്നു. അല്ല, അടുക്കുകയാണ് എന്ന് മററുചിലരും.

എന്താണ് സോഷ്യലിസ്ററ്സമൂഹം? എന്താണതിൻെറ സവിശേഷതകൾ? നോക്കാം. നമുക്ക്, മനുഷ്യർക്ക്, ആവശ്യമുള്ള സാധനങ്ങൾ നാം ഉണ്ടാക്കുകയാണ് ചെയ്യുന്നത്, അല്ലാതെ പ്രകൃതിയിൽനിന്ന് ശുദ്ധമായങ്ങ് എടുക്കുകയല്ല. സാധനങ്ങൾ ഉണ്ടാക്കാൻ അസംസ്കൃത പദാർഥങ്ങൾവേണം. ഉപകരണങ്ങളോ യന്ത്രങ്ങളോവേണം. ഈ യന്ത്രങ്ങളുപയോഗിച്ച് അസംസ്കൃപദാർഥങ്ങളിൻമേൽ അധ്വാനിക്കുകയുംവേണം. പണ്ടുകാലത്ത് അസംസ്കൃതപദാർഥങ്ങൾ ചുററുപാടിൽനിന്നെടുക്കാമായിരുന്നു. ഭൂമിയോ അതിലെ വിഭവങ്ങളോ ആരുടെയും സ്വന്തമായിരുന്നില്ല. ഇവ ഉപയോഗിച്ച് താന്താങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും ഉണ്ടാക്കാമായിരുന്നു. എന്നാൽ ഇന്ന്, മിക്ക അസംസ്കൃത പദാർഥങ്ങളും ഒന്നുകിൽ സർക്കാരിൻെറ വക, അല്ലെങ്കിൽ ഏതെങ്കിലും ഒററപ്പെട്ട വ്യക്തികളുടെവക ആണ്. തുണിയും മരുന്നും മഷിയും കടലാസും ഒക്കെ

ഉണ്ടാക്കാൻ സങ്കീർണങ്ങളും വിലപിടിച്ചതുമായ യന്ത്രങ്ങൾ വേണം. ഇന്നത് ഏറിയകൂറും ഒററപ്പെട്ട വ്യക്തികളുടെയോ കമ്പിനികളുടെയോ ഉടമസ്ഥതയിലാണ്. എങ്ങനെയാണിത് അവരുടെ ഉടമസ്ഥതയിലായത് എന്ന ചോദ്യമുണ്ട്. ഉത്തരം വഴിയേകാണാം. ഏതായാലും ഇന്ന് സമൂഹം അംഗീകരിച്ച ഒരു നിയമമുണ്ട്. ഒരാൾ 'തൻെറ' യന്ത്രവും 'തൻെറ' അസംസ്കൃത പദാർഥവും കൊണ്ട് മററൊരാളെക്കൊണ്ട് ഒരു സാധനം ഉണ്ടാക്കിക്കുകയാണെങ്കിൽ, ആ സാധനം ആദ്യത്തെ ആളിൻെറയാണ്. അല്ലാതെ, അത് യഥാർഥത്തിൽ ഉണ്ടാക്കിയ രണ്ടാമത്തെ ആളിൻെറയല്ല. രണ്ടാമത്തെ ആൾക്ക് 'കൂലി'കൊടുത്താൽ മതി. ഉണ്ടാക്കുന്നത് തുണിയോ, കടലാസോ ആയാലും യന്ത്രങ്ങളായാലും വിരോധമില്ല. കൂലിക്കും അസംസ്കൃത പദാർഥങ്ങൾക്കും ചെലവായതിനെക്കാൾ കൂടിയവിലയ്ക്ക് വിററ് ആദ്യത്തേയാൾ—അയാളെ ഉടമയെന്നുവിളിക്കുന്നു—ലാഭമുണ്ടാക്കുന്നു. ആ ലാഭംകൊണ്ട് അയാൾ കൂടുതൽ യന്ത്രങ്ങൾ വാങ്ങുന്നു. അങ്ങനെപോകുന്നു. അസംസ്കൃതപദാർഥങ്ങൾക്കും യന്ത്രങ്ങൾക്കും ഉൽപന്നങ്ങൾ വിൽക്കാനുള്ള മാർക്കററിനും–കാരണം ഉൽപന്നങ്ങൾ ഉപഭോഗത്തെ ലാക്കാക്കിയയ വിൽപ്പനയെ ലാക്കാക്കിയാണ് ഉണ്ടാക്കുന്നത്–വേണ്ടി മുതലാളിമാർ തമ്മിൽ (ഉടമകൾ തമ്മിൽ) മത്സരം ഉണ്ടാകുന്നു. ഈ മത്സരമാണ് പിന്നീട് രാജ്യങ്ങൾ തമ്മിലുള്ള മത്സരത്തിലേക്കും യുദ്ധത്തിലേക്കും ഒക്കെ നയിക്കുന്നത്. യന്ത്രങ്ങളും അസംസ്കൃതപദാർഥങ്ങളും ആദ്യം ചിലരുടെ സ്വന്തമായിത്തീർന്നത് അവരുടെ ബലംകൊണ്ടും കയ്യൂക്കുകൊണ്ടും ആണെന്ന് ഇന്ന് മിക്ക സാമൂഹ്യശാസ്ത്രജ്ഞരും അംഗീകരിച്ചിരിക്കുന്നു. മത്സരത്തിൽ അധിഷ്ഠിതമായ, മത്സരിക്കാൻ നിർബന്ധിതമായ ഇത്തരം സാമൂഹ്യവ്യവസ്ഥയെ മുതലാളിത്തം എന്നു വിളിക്കുന്നു.

സോഷ്യലിസം ഇതിന് എതിരാണ്. ഭൂമിയും അതിലുള്ള വിഭവങ്ങളും ആരുടെയും സ്വകാര്യസ്വത്തല്ല. മനുഷ്യർ അധ്വാനിച്ച് ഇവകൊണ്ടുണ്ടാക്കുന്ന യന്ത്രങ്ങളും മററു

ഉപകരണങ്ങളും അത്രപോലും സ്വകാര്യസ്വത്താകാൻ നിവൃത്തിയില്ല. ഭൂമി, അതിലെ വിഭവങ്ങൾ, യന്ത്രങ്ങൾ എന്നിവ സമൂഹത്തിൻെറ മുഴുവൻ സ്വത്തായിരിക്കുക, സമൂഹത്തിനുവേണ്ടി ജനപ്രതിനിധികൾ അത് കൈകാര്യം ചെയ്യുക, അപ്പോൾ ഉല്പന്നങ്ങളും ജനങ്ങളുടെതാകാം. ചിലർ ഉപഭോഗത്തിനുള്ള ചരക്കുകൾ ഉണ്ടാക്കുന്നു, മററുചിലർ യന്ത്രങ്ങളും മററുമുണ്ടാക്കുന്നു. എല്ലാം എല്ലാവർക്കും ഉള്ളതാണ്. ഇതാണ് സോഷ്യലിസം. ഈ സാമൂഹ്യവ്യവസ്ഥയിൽ സാധാരണ വ്യക്തികൾക്ക് സ്വകാര്യമായി, സ്വന്തമായി ഒന്നുമില്ലെന്നല്ല ഇതിനർഥം. റേഡിയോ, കാറ്, വീട്, വസ്ത്രങ്ങൾ, പുസ്തകങ്ങൾ....സ്വന്തം ഉപഭോഗത്തിനാവശ്യമായ എന്തും സ്വന്തമായിത്തന്നെവെക്കാം. താൻ നൽകുന്ന അധ്വാനത്തിൻെറ ഒരു പങ്കാണത്. എന്നാൽ മററൊരാളെക്കൊണ്ട് പണിയെടുപ്പിക്കാനുള്ള ഒരു ഉപകരണം സ്വന്തമാക്കാൻ പററില്ല; അതിനാൽ അതുകൊണ്ടുണ്ടാക്കിയ ഉല്പന്നങ്ങളും സ്വന്തമാക്കാൻ പററില്ല. അപ്പോൾ മററൊരുത്തൻെറ അധ്വാനംകൊണ്ട് ആർക്കും സ്വയം തടിക്കാൻ പററില്ല. ഇത്തരത്തിലുള്ള ഒരു സമൂഹമാണ് പലരും വിഭാവനം ചെയ്തിരുന്നത്.

എന്നാൽ, സ്വാതന്ത്ര്യം കിട്ടിയസമയത്ത് യന്ത്രങ്ങളുടെയും ഫാക്ടറികളുടെയും ഭൂമിയുടെയും ഉടമകളായി ഒട്ടേറെപേർ ഉണ്ടായിരുന്നു. ചിലർ വൻകിടക്കാരായിരുന്നു. ലക്ഷക്കണക്കിന് ചെറുകിടക്കാരും ഉണ്ടായിരുന്നു.കാലാകാലങ്ങളിലായി തങ്ങൾ അനുഭവിച്ചുപോരുന്ന പ്രത്യേകാവകാശങ്ങൾ എടുത്തുകളയാൻ സ്വമേധയാ ആരും സമ്മതിക്കുകയില്ലല്ലോ. മിക്കവാറും എല്ലാ ചെറുകിടക്കാർക്കും ഇടത്തരക്കാർക്കും പുതിയ,സോഷ്യലിസ്ററ് അടിസ്ഥാനത്തിലുള്ള സാമൂഹ്യവ്യവസ്ഥ ഗുണമാണ് ചെയ്യുക.അവരുടെ കേവലമായ വരുമാനം കൂടും, സ്ഥിരത ലഭിക്കും, പാപ്പരടിക്കുമോഎന്ന് ഭയപ്പെടേണ്ടതില്ല.എന്നാൽ പെട്ടെന്ന്അവർക്കത് ബോധ്യമാകില്ല. കാലക്രമത്തിൽ അനുഭവംകൊണ്ടേബോധ്യമാകൂ. വൻകിടക്കാരെ സംബന്ധിച്ചിടത്തോളമാകട്ടെ

അവരുടെ രാജസദൃശമായ ജീവിതം നഷ്ടപ്പെടും, ലക്ഷപ്രഭു, കോടീശ്വരപദവികൾ നഷ്ടപ്പെടും. കണ്ണെത്താത്ത ഭൂമികളും തലപ്പ് കാണാനാകാത്ത മണിമന്ദിരങ്ങളും നഷ്ടപ്പെടും. അവർക്ക് ഏറെ നഷ്ടപ്പെടാനുണ്ട്. ഒരു കാരണവശാലും അവർ ഇത്തരത്തിലുള്ള ഒരു മാററത്തെ അനുവദിക്കുകയില്ല. സകലശക്തിയും ഉപയോഗിച്ച് എതിർക്കും. ലോകത്തിൽ സോഷ്യലിസം സ്ഥാപിച്ച എല്ലാ രാജ്യങ്ങളിലും ഈ വൻകിടക്കാരുടെ എതിർപ്പിനെ അമർച്ചചെയ്തുകൊണ്ടാണ് അത് ചെയ്തത്. അത്തരത്തിലുള്ള ബലപ്രയോഗത്തിന് എതിരായിരുന്നു ഇന്ത്യയിൽ പലരും. അതിനാൽ ഇന്ത്യയിൽ സോഷ്യലിസം സ്ഥാപിക്കുന്നതിന് ഒരു പുതിയരീതി പരീക്ഷിക്കാൻ അവർ തീരുമാനിച്ചു: പ്രധാനപ്പെട്ട വ്യവസായങ്ങൾ എല്ലാം പെതുമേഖലയിൽ കൊണ്ടുവരിക; ഭൂപരിധി നിശ്ചയിക്കുകയും ഭൂപരിഷ്കരണം നടപ്പിലാക്കുകയും ചെയ്യുക. ക്രമത്തിൽ ക്രമത്തിൽ, വൻകിടക്കാരുടെ പ്രാധാന്യം കുറച്ചുവരിക, അവരെയും ചെറുകിടക്കാരുടെകൂട്ടത്തിൽപ്പെടുത്താറാക്കുക. ഇതായിരുന്നുതന്ത്രം. ഈ തന്ത്രത്തിൻെറ അടിസ്ഥാനത്തിലാണ് പഞ്ചവത്സരപദ്ധതികൾ ആസൂത്രണം ചെയ്തത്. എന്നാൽ മൂന്നു പതിററാണ്ടുകാലത്തെ ആസൂത്രിതവികസനത്തിനുശേഷം ഇന്ന് നാം ചുററും തിരിഞ്ഞുനോക്കുമ്പോൾ എന്താണ് കാണുന്നത്? പഴയ വൻകിടക്കാർ ഇന്ന് കൊലകൊമ്പൻമാരായി മാറിയിരിക്കുന്നു. അവരുടെ സ്വത്ത് നൂറുമടങ്ങ് വർധിച്ചിരിക്കുന്നു. പഴയ ചെറുകിടക്കാരിൽ പലരും ഇന്ന് തനി ദരിദ്രരായിക്കഴിഞ്ഞിരിക്കുന്നു. പൊതുമേഖല സർവാധിപത്യം പുലർത്തുന്നതിനുപകരം ഈ വൻകിടക്കാരുടെ ചൊല്പ്പടിക്കുള്ളിലായിത്തീർന്നിരിക്കുന്നു. ഭൂപരിഷ്കരണം വൻകിട ഭൂവുടമകളെ കൂടുതൽ സമ്പന്നരാക്കുകയാണ് ചെയ്തത്. ഇടത്തരം കൃഷിക്കാരും ഭൂവുടമകളും പാപ്പരടിച്ചു. അങ്ങനെ സമൂഹം ദരിദ്രവൽക്കരിക്കപ്പെട്ടുവരുന്ന ഒരു ഭൂരിപക്ഷവും ധനികവൽക്കരിക്കപ്പെട്ടുവരുന്ന ഒരു ന്യൂനപക്ഷവും ആയി മാറി. ഈ ന്യൂനപക്ഷത്തിൻെറ കൈവശമുള്ള

സമ്പത്തും അധികാരവും കണക്കററ് വർധിച്ചു. എന്തും, സർക്കാരിനെപ്പോലും, അവർക്ക് സ്വന്തമാക്കാമെന്ന നിലവന്നു. അങ്ങനെ സോഷ്യലിസത്തിലേക്ക് അടുക്കുന്നതിനു പകരം അതിൽനിന്ന് കൂടുതൽ കൂടുതൽ അകലുകയാണുണ്ടായത്. ഇവിടത്തെ കൊലക്കൊമ്പൻമാരാകട്ടെ,ലോകത്തെ കൊലകൊമ്പൻമാരുമായി—ഇവരെയാണ് ബഹുരാഷ്ട്ര കുത്തകകൾ എന്നു വിളിക്കുന്നത്—കൂട്ടുകൂടി. യുദ്ധം കൊണ്ട് നേട്ടമുണ്ടാക്കുന്ന ഒരു കൂട്ടത്തിൻെറ ഭാഗമായി ത്തീർന്നു അവരും.

ലോകമാകെ മത്സരരഹിതമായ, സഹകരണത്തിൽ അധിഷ്ഠിതമായ,യുദ്ധം ആവശ്യമില്ലാത്ത,ഒരു സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കണമെങ്കിൽ, നമ്മെ സംബന്ധിച്ചിടത്തോളം ആദ്യം ചെയ്യേണ്ടത് നമ്മുടെ രാജ്യത്ത്, കേരളത്തിലും ഇന്ത്യയിലും അത്തരം ഒരു സാമൂഹവ്യവസ്ഥ സൃഷ്ടിക്കുകയാണ്, അതിനുവേണ്ടി ശ്രമിക്കുകയാണ്. എങ്ങനെയാണ് നാം ഇത് ചെയ്യേണ്ടത്?

കൂലികൂട്ടുന്നതിനും വില കുറക്കുന്നിനും വേണ്ടിയുള്ള സമരം ഈ ശ്രമത്തിൻെറ ഒരു ഭാഗമാണ്.

പരിസരമലിനീകരണത്തിനെതിരായ സമരം ഇതിൻെറ ഭാഗമാണ്. കാരണം, അത് കമ്പനിയുടമയുടെ അമിതലാഭത്തിനെതിരായ ഒരു വെല്ലുവിളിയാണ്.

വിലക്കപ്പെട്ട മരുന്നുകൾക്കും നിരുപയോഗപ്രദമായ മരുന്നുകൾക്കും എതിരായ സമരം ഈ സമരത്തിൻെറ ഒരു ഭാഗമാണ്.

വനം കൊള്ളക്കും വിഭവങ്ങളുടെ ധൂർത്തിനും എതിരായ സമരം ഈ സമരത്തിൻെറ ഒരുഭാഗമാണ്.

മതസൗഹാർദത്തിനുവേണ്ടിയും ജാതിമതസ്പർധക്കെതിരായും ഉള്ള സമരം ഈ സമരത്തിൻെറ ഒരു ഭാഗമാണ്.

അഴിമതിക്കും കൈക്കൂലിക്കും സ്വജന പക്ഷപാതത്തിനും ഒക്കെ എതിരായ സമരവും ഇതിൻെറ ഭാഗമാണ്.

പ്രകൃതിയുടെയും സമൂഹത്തിൻെറയും പെരുമാററ

നിയമങ്ങൾ പഠിക്കാനുള്ള ശ്രമവും ഈ സമരത്തിന്റെ ഭാഗമാണ്.

കേരളത്തിലെ ഏവംവിധങ്ങളായ സമരങ്ങൾ ഇന്ത്യയിലെ സമരങ്ങളുടെയും അവ ലോകത്തെമ്പാടും നടക്കുന്ന മററു സമരങ്ങളുടെയും ഭാഗമാണ്.

ഈ എല്ലാ സമരങ്ങളുടെയും വിജയത്തോടുകൂടിമാത്രമേ യുദ്ധമില്ലാത്ത, യുദ്ധം ആവശ്യമില്ലാത്ത ഒരു സമൂഹം ഉണ്ടാകൂ. മനുഷ്യന് അവന്റെ പൂർണ്ണത കൈവരിക്കാനൊക്കൂ. സ്വാതന്ത്ര്യം കൈവരിക്കാനാകൂ. നാളത്തെ ലോകം സ്വതന്ത്രരായ മനുഷ്യർക്കുള്ളതാണ്.

ർറ [illegible]

ഉന്ത്യയി
ക്കുന്നു മ

ടിമാത്ര
രു [illegible]
വ [illegible] ക്കാ
ലോകം

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്